DECEMBER 2019

# ഫിയാത്ത്

Let it be done




മറയ്ക്കപ്പെടാൻ
അനുവദിക്കരുത്,
തിരുപ്പിറവി
ആഘോഷിക്കപ്പെടുകയും
പ്രഘോഷിക്കപ്പെടുകയും
ചെയ്യേണ്ട ചരിത്രസത്യം.

A FIATMISSION PUBLICATION

"പാപികളായ നമ്മുടെ വീണ്ടെടുപ്പിന്റെ അഥവാ നഷ്ടപ്പെട്ട പോയ ദൈവപുത്ര സ്ഥാനലബ്ധിയുടെ ഒരേ ഒരു കാരണമായ യേശുക്രിസ്തുവിന്റെ പിറവിത്തിരുന്നാൾ നാം ഇന്ന് ആഘോഷിക്കുകയാണല്ലോ.

ആദം മൂലം മൃതരായ നാം യേശുക്രിസ്തുവിൽ വീണ്ടെടുക്കപെട്ടു. അവനോടുകൂടെ ക്രൂശിതനായി സംസ്കരിക്കപ്പെട്ട് ഉയിർപ്പിക്കപ്പെട്ടുകയും പുതിയ മനുഷ്യരായി അവനിലൂടെ നവജീവനിലേക്കു പ്രവേശിക്കുകയും ചെയ്തിരിക്കുന്നുവെന്നു നാം അറിയുന്നു. വേദനാജനകമായതിൽ നിന്നേ മഹത്വപൂർണവും ആനന്ദകരമായതും ഉത്ഭവിക്കൂ എന്നിരിക്കേ ആ ആനന്ദപാരമ്യതയിലേക്കു പ്രവേശിക്കുവാൻ കൂടുതൽ വേദനാജനകവും മനോഹരവുമായ ഒരു പരിവർത്തനത്തിനു നാം ബോധപൂർവം വിധേയപ്പെടേണ്ടിയിരിക്കുന്നു.

എന്തെന്നാൽ പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിക്കുകയും അനുസരണക്കേടിന്റെ സ്വാദ് നമ്മെ കുറ്റം വിധിച്ചിടത്ത് ക്രിസ്തുവിന്റെ പീഢകൾ എത്രയോ അധികമായി നമ്മെ ന്യായീകരിക്കുകയും നിർമ്മലരാക്കുകയും ചെയ്തുവെന്ന് നമുക്ക് മറക്കാതിരിക്കാം.
അതിനാൽ, നമുക്ക് ഈ ആഘോഷം ബലഹീനതകൾക്കു വിധേയപ്പെട്ട വിജാതീയവും പൗരാണികവും ലൗകീകവുമായ ആർഭാടമെന്നതിലുപരിയായി, സ്നേഹത്തിന്റെയും, കരുണയുടെയും, സൗഖ്യത്തിന്റെയും, പങ്കുവെക്കലിന്റെയും ഊഷ്മളതയാർന്ന ഒരു ഉത്സവമാക്കി മാറ്റാൻ ഹൃദയപൂർവം പരിശ്രമിക്കാം.."

-സഭാപിതാവായ ഗ്രിഗറി നസിയാൻസെൻ 329 - 390 AD



**Biblia**
Bible Production & Distribution Ministry

**Scriptura**
Bible Writing Competitions

**Papyrus**
Used Paper to Bible Paper

**GGM Mission Congress**
National Mission Gathering

**Intercession**
Ministry

**Cenacle**
Cell Groups Praying for Mission

**Discipleship**
Training Ministry

**Retreat**
Ministry

**Media**
Fiat magazine & Visual Media Ministry

“നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.” *(മർക്കോസ് 16:15)*

## ഫിയാത്ത് മിഷൻ

ലോകസുവിശേഷവത്കരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള കത്തോലിക്കാസഭയിലെ ഒരു അത്മായ മുന്നേറ്റം

ബൈബിൾ നിർമ്മാണ വിതരണ ശുശ്രൂഷ

ബൈബിൾ പകർത്തിയെഴുത്തു മത്സരങ്ങൾ

ബൈബിൾ പേപ്പർ സമാഹരണപദ്ധതി

ജിജിഎം മിഷൻ കോൺഗ്രസ്സ്

മധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷ

മിഷനുവേണ്ടി പ്രാർത്ഥിക്കുന്ന സെൽ ഗ്രൂപ്പുകൾ

ശിഷ്യത്വ പരിശീലന ശുശ്രൂഷകൾ

ധ്യാന പരിപാടികൾ

മാസിക, വിഷ്വൽ മീഡിയ



ഫിയാത്ത്മിഷന്റെ
സ്വർഗ്ഗീയ മധ്യസ്ഥനായ
**വി. വിൻസെന്റ് ഡി പോൾ,**
ഫിയാത്ത്മിഷനു വേണ്ടി
പ്രാർത്ഥിക്കണമേ..




FiatMission
HIS VISION, OUR MISSION

FIATMISSION, C-24/B,
2nd Floor, Pancheelvihar, New Delhi -17, 9961550000
website: fiatmission.org, email: fiatxtn@gmail.com

ലക്കം 4 | പുസ്തകം 12 | ഡിസംബർ 2019



*Patrons*
**Bp. Mar Bosco Puthur,** Melbourne Diocese, Australia
**Bp. Chacko Thottumarikkal SVD,** Indore Diocese
**Bp. Jacob Mar Barnabas,** Gurgaon Diocese

*Spiritual Director*
**Rev.Fr.Joseph Anthikkatt**

*Chief Editor* :
**Santhosh K.P.**

*Sub Editor:*
**Paul Edakkalathur**

*Advisory Board*
**Baby John Kalayanthani**
**Sr. Grace Thomas CMC**
**Antony K.P.**

*General Manager:*
**Pauly Thomas**

*Circulation Manager:*
**Ittiachan M.J.**


കേരളസഭയിൽ മിഷൻ അവബോധം വളർത്തുന്നതിനായി പ്രസിദ്ധീകരിക്കപ്പെടുന്ന ഫിയാത്ത് മാസിക, കഴിഞ്ഞ 12 വർഷമായി തീർത്തും സൗജന്യമായാണ് വിതരണം ചെയ്തു വരുന്നത്. ലാഭനഷ്ടങ്ങൾ പരിഗണിക്കാതെ നടത്തുന്ന ഫിയാത്ത് മിഷന്റെ ദൈവരാജ്യശുശ്രൂഷകളെല്ലാം വിശ്വാസികളുടെ സഹകരണം ഒന്നു കൊണ്ട് മാത്രമാണ് സാധ്യമാകുന്നത്.

# ക്രൈസ്തവരിൽ തീവ്രവാദികളുണ്ടോ?

'**ഐ**എസ് ഭീകരവാദം അവസാനിച്ചു. ഇനി ലോകം കൂടുതൽ സമാധാന പൂർണമായിരിക്കും' ഒരു രാഷ്ട്രത്തലവൻ കഴിഞ്ഞ ദിവസങ്ങളിൽ പ്രഖ്യാപിച്ചു. 'ഇനി ഒരു നേതാവ് അവർക്കുണ്ടാവുകയില്ല. നേതാവാകാൻ സാധ്യതയുള്ളവരും നിരീക്ഷണത്തിലാണ്.' ഇത്തരം പ്രഖ്യാപനങ്ങളൊക്കെ നടത്തി ദിവസങ്ങൾക്കുള്ളിൽ ഐഎസിന് പുതിയ തലവനുണ്ടായെന്നും ഭീകരത കൂടുതൽ ശക്തി പ്രാപിക്കുമെന്നും ഉള്ള ഐഎസിന്റെ അറിയിപ്പ് ലോകത്തെ കൂടുതൽ ഭീതി മുനയിലാഴ്ത്തിയിരിക്കുന്നു.

എന്തുകൊണ്ട് ഭീകരവാദത്തെ തുടച്ചുനീക്കാനാകുന്നില്ല. ശക്തരായ പല രാഷ്ട്രങ്ങളും ഒന്നിച്ച് പരിശ്രമിച്ചിട്ടും എണ്ണത്തിൽ തീർത്തും കുറവായ ഭീകരസംഘടന എന്തുകൊണ്ട് അസ്തമിക്കുന്നില്ല.

കാരണം ഒന്നേയുള്ളു; അവർ കേവലം കൂലിപ്പട്ടാളമല്ല, ചാകാനിറങ്ങിയവരാണ്. മാസാമാസം കിട്ടുന്ന ശമ്പളം, മറ്റ് സുഖസൗകര്യങ്ങൾ, ഭാവിയെക്കുറിച്ചുള്ള ചിന്തകൾ ഇവയൊന്നും അവരെ അലട്ടുന്നില്ല. തന്റെയും കുടുംബത്തിന്റെയും ഭാവിയെക്കുറിച്ചുള്ള ചിന്തകളും അവരെ അലട്ടുന്നില്ല. തങ്ങളുടെ ഉള്ളിൽ കയറിക്കൂടിയ ബോധ്യമനുസരിച്ച് - അവരെക്കൊണ്ട് തിന്മ ചെയ്യിക്കുന്ന തെറ്റായ ബോധ്യം- പ്രവർത്തിക്കാൻ, സ്വന്തം ജീവനുപോലും വിലകൽപിക്കാതെ അവർ ഇറങ്ങിത്തിരിച്ചിരിക്കുന്നു.

എന്നാൽ ഇതിനേക്കാൾ തീവ്രവാദികളായ പലരേയും നമുക്കറിയാം. തങ്ങൾക്ക് ലഭിച്ച ബോധ്യത്തിനനുസരിച്ച് പ്രവർത്തിക്കാൻ നാടും വീടും വിട്ട് ഇറങ്ങിത്തിരിച്ചവർ. ഇറങ്ങിപ്പുറപ്പെടുമ്പോൾ സ്വന്തം വീട്ടിലേയ്ക്കോ നാട്ടിലേയ്ക്കോ

എന്നല്ല ആ ഭൂഖണ്ഡത്തിലേയ്ക്കു പോലും ഇനി തിരിച്ചുവരില്ല എന്ന് പ്രതിജ്ഞയെടുത്തവർ. അതെ, നമ്മുടെ കർത്താവിന്റെ സ്നേഹത്താൽ അതിതീവ്രമായി ആകർഷിക്കപ്പെട്ട് ആ സ്നേഹസന്ദേശം ലോകത്തിന്റെ മുക്കിലും മൂലയിലുമെത്തിക്കാൻ, സർവ്വചരാചരങ്ങളോടും പ്രഘോഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ട മഹാമിഷനറിമാർ.

മുൻപേ പരാമർശിച്ച തീവ്രവാദികളെപ്പോലെ, ഇവർ എത്തുന്നിടത്ത് ആയുധസന്നാഹവുമായി കാവലൊരുക്കാൻ തങ്ങളുടെ ആശയസംഹിതയിൽ വിശ്വസിക്കുന്ന ആരുമുണ്ടായിരുന്നില്ല. എതിർക്കാനോ, കൊല്ലാനോ, സ്വയം പൊട്ടിത്തെറിച്ച് ചാവാനോ മാത്രം ഭീരുക്കളായിരുന്നില്ല ഇവർ. സ്വന്തം നാട്ടിൽ വരുന്ന അന്യനൊരാളെ കൊന്നുതിന്നുന്ന ശീലമുള്ള കാട്ടുജാതിക്കാരുടെ ഇടയിലേയ്ക്ക് പോലും ഈ 'തീവ്രവാദികൾ' കടന്നുചെന്നു. ഒരാൾ കൊല്ലപ്പെട്ടിടത്ത് ആവേശത്തോടെ മറ്റൊരാൾ പോയി. പലപ്പോഴും ഇക്കൂട്ടരിൽ ഒരാളുടെ പ്രവർത്തനങ്ങൾ കൊണ്ടു മാത്രം പ്രാകൃതസംസ്കാരങ്ങൾ മാറി മറിഞ്ഞു, രാജ്യങ്ങൾ മാനസാന്തരപ്പെട്ടു.

സംസ്കാരങ്ങളോ, കാലാവസ്ഥയോ, ഭക്ഷണമോ, വസ്ത്രമോ, ഭാഷയോ ഒന്നും ഇവർക്ക് പ്രതിബന്ധമായില്ല. ജനക്കൂട്ടങ്ങളെ ഇവർ ഒറ്റയ്ക്ക് നേരിട്ടു. വാളിനും, തോക്കിനും മറ്റ് പീഡനയന്ത്രങ്ങൾക്കും മുമ്പിൽ ഇവർ സധൈര്യം പതറാതെ നിന്നു.

ഇതിനെല്ലാം ഇവർക്ക് ശക്തിയേകിയത് മിശിഹായുടെ സ്നേഹത്തിന്റെ അതിതീവ്രപ്രവാഹമായിരുന്നു. ഇക്കാലഘട്ടത്തിലും ഇത്തരം മിഷനറിമാരുണ്ട്, വളരെ അപൂർവ്വമായിട്ടെങ്കിലും. എന്നാൽ ഇന്നത്തെ ഭൂരിപക്ഷം കർതൃശുശ്രൂഷകരേയും നയിക്കുന്നതെന്താണ്? ജീവിത സുരക്ഷിതത്വം, അറിയപ്പെടാനുള്ള ആഗ്രഹം, പ്രശംസയ്ക്കും അംഗീകാരത്തിനും വേണ്ടിയുള്ള കൊതി, ആൾക്കൂട്ടങ്ങൾ നിറഞ്ഞ വേദികൾ. തലമുറകളുടെ സുരക്ഷിതമായ ഭാവി ഇവയൊക്കെയല്ലേ പലരേയും ദൈവശുശ്രൂഷയിൽ വ്യാപരിക്കാൻ പ്രേരിപ്പിക്കുന്നത്.

എന്നാൽ ഒരു യഥാർത്ഥ സുവിശേഷകൻ നേരത്തെ സൂചിപ്പിച്ചപോലെ യേശുവിന്റെ തീവ്രസ്നേഹത്താൽ നിറയപ്പെട്ടവനാകണം. "നമുക്കും അവനോടൊപ്പം പോയി മരിക്കാം." എന്ന ക്രിസ്തുശിഷ്യന്റെ മനോഭാവമാണ് ഒരു സുവിശേഷകനുണ്ടാകേണ്ടത്. ഈ മനോഭാവമില്ലാത്ത ആർക്കും 'സുവിശേഷപ്രവർത്തനം' വേണ്ട വിധത്തിൽ ചെയ്യാനാകില്ല. ഒരു സുവിശേഷകനാവുക എന്നാൽ എല്ലാം തികഞ്ഞ, 'സ്മാർട്ട്' ആയ ജീവിതം നയിക്കുക എന്നതല്ല, മറിച്ച് രക്തസാക്ഷിയാവാൻ തയ്യാറെടുക്കുക എന്നാണർത്ഥമെന്ന് നമുക്ക് മറക്കാതിരിക്കാം.



**മി**ഷനിലെ ക്രിസ്തുമസ് ആഘോഷങ്ങൾ അവിസ്മരണീയങ്ങളാണ്. ഹൃദയത്തിൽ ഉണ്ണീശോ പിറക്കുന്ന സന്തോഷം ശരിക്കും അനുഭവിക്കുന്നത് മിഷനിലെ പാവപ്പെട്ട പുതുവിശ്വാസികളാണെന്ന് തോന്നാറുണ്ട്.

ഏതാനും വർഷങ്ങൾക്കുമുമ്പ് ആസ്സാമിലെ ദിഫുവിലുള്ള ജിർക്കിൻഡെങിലെ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തത് ഓർക്കുന്നു. ഇടവക വൈദികനുമൊത്ത് ഒരു ഡിസംബർ 21 നായിരുന്നു പ്രസ്തുത ക്രിസ്തുമസ് ആഘോഷം. (വൈദികരുടെ അഭാവവും വിവിധ ഗ്രാമങ്ങളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും കാരണം ഡിസംബറിലെ ഏത് ദിവസമാണോ വൈദികനെത്തുന്നത് അന്നായിരിക്കും അവരുടെ ക്രിസ്തുമസ് കുർബാനയും ആഘോഷവും.) ഒരു വാഹനത്തിൽ കുത്തനെയുള്ള മലകൾ കയറിയിറങ്ങി, കാടിനു നടുവിലൂടെയും, ചെറിയ അരുവികൾ മുറിച്ചു കടന്നും സഞ്ചരിച്ച് രണ്ട് മണിക്കൂറിനു ശേഷം ഒരു മലഞ്ചെരിവിൽ ഞങ്ങളെത്തിച്ചേർന്നു. 'ഷെഡ്ഡു'കൾ പോലെയുള്ള ചില ഗ്രാമീണ ദൈവാലയങ്ങൾ തകർന്ന് കിടക്കുന്നത് പോകുന്ന

## മിഷനിലെ ക്രിസ്തുമസ് ആഘോഷങ്ങൾ

വഴിക്ക് വൈദികൻ കാണിച്ചു തന്നു.

അടുത്തടുത്തുള്ള മൂന്നു മലകളിൽ നിന്നുള്ളവരാണ് അന്നവിടെ ക്രിസ്തുമസ് കുർബാനയ്ക്കായി ഒത്തു ചേർന്നിരുന്നത്. രണ്ട് മുളകൾ നാട്ടി, അതിലൊരു കയർ കെട്ടി, തുണികൾ കൊണ്ട് മറച്ച ഒരു താത്കാലിക ഷെഡിൽ ആയിരുന്നു ആ ക്രിസ്തുമസ് ആഘോഷം. തീർത്തും സാധാരണ വസ്ത്രം ധരിച്ച ഗ്രാമീണർ. കുർബാനയ്ക്കുശേഷം ആ മലഞ്ചെരിവിൽ തന്നെയിരുന്ന്, ആ പ്രദേശത്ത് കാണുന്ന നീളത്തിലുള്ള ഒരു തരം ഇലയിൽ വിളമ്പിയ ഭക്ഷണം കഴിച്ച് ഞങ്ങൾ ആ വർഷം ക്രിസ്തുമസ് ആഘോഷിച്ചു.

മറ്റൊരിക്കൽ ക്രിസ്തുമസ് കാലം ചെലവഴിച്ചത് അരുണാചലിലെ മിയാവു രൂപതയിലായിരുന്നു. ഡിസംബർ മാസം മുഴുവൻ, സന്ധ്യകളിൽ ഗ്രാമങ്ങൾ തോറും പോയി പാട്ടുകൾ പാടിയും നൃത്തം ചെയ്തും കരോൾ നടത്തുമായിരുന്നു. ഓരോ വീട്ടുകാരും തങ്ങൾക്ക് നൽകാൻ സാധിക്കുന്ന ഭക്ഷണം തരും. അതെല്ലാവരും സന്തോഷത്തോടെ പങ്കിട്ടു കഴിക്കും.

ഒരു ദിവസം അവിടുത്തെ മന്ത്രിയുടെ വീട്ടിലെത്തി. കരോൾ സംഘത്തോടൊപ്പം അദ്ദേഹവും കുടുംബവും പാടുകയും നൃത്തം ചെയ്യുകയും ചെയ്തു. ആ ചെറിയ സമൂഹം ക്രിസ്തുസ്നേഹത്താൽ നിറയുകയും ആ സ്നേഹം മറ്റുള്ളവർക്ക് പങ്കുവയ്ക്കുകയും ചെയ്തത് ഏറെ ഹൃദയാവർജകമായിരുന്നു. ഈ സ്നേഹം മറ്റുള്ളവരെ ഈശോയിലേയ്ക്കടുപ്പിക്കുകയും ചെയ്യുന്നു.

ഈശോയുടെ തിരുപ്പിറവി ആഘോഷിക്കുക എന്നത് സുവിശേഷവത്കരണത്തിനു പറ്റിയ ഏറ്റവും നല്ല അവസരമായി നാം ഇനിയും മനസ്സിലാക്കിയിട്ടില്ല. കേവലം ആഘോഷത്തിമിർപ്പിൽ തിന്നും കുടിച്ചും, ഈ സ്വർഗീയസ്മരണകളുണർത്തുന്ന സുദിനം ചെലവിടുകയാണെങ്കിൽ ഓർക്കുക, നാം വിപരീത സാക്ഷ്യം നൽകുന്നവരായി മാറുകയാണ്. മറിച്ച് സകല ജനത്തിനും വേണ്ടിയുള്ള രക്ഷയുടെ ഈ സദ്വാർത്ത ഒരാൾക്കെങ്കിലും കൈമാറാൻ നാം ഈ അവസരം ഉപയോഗിച്ചാൽ നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾ സ്വർഗത്തിന് പ്രീതികരമായിത്തീരും.





# യേശു ജനിച്ചത് ഡിസംബർ 25-ന് തന്നെയോ?

**പ്രി**യമുള്ളവരെ, വീണ്ടും ഒരു ക്രിസ്തുമസ് ആഗതമാവുകയാണ്, ലോകം മുഴുവനും സന്തോഷത്തിലാണ്. പുൽക്കൂടുകളുണ്ടാക്കിയും നക്ഷത്രങ്ങളും തോരണങ്ങളും തൂക്കിയും ലോകമെമ്പാടും ക്രിസ്തുമസിനായി ഒരുങ്ങി കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ തന്നെ ക്രിസ്തുമസ് ആഘോഷിക്കാതിരിക്കുകയും, ആഘോഷിക്കരുതെന്ന് മറ്റുള്ളവരോട് ആഹ്വാനം ചെയ്യുകയും ചെയ്യുന്ന ക്രിസ്തു വിശ്വാസികളായ ആളുകളെയും നമുക്ക് കാണാനാകും.

ഡിസംബർ 25 ന് ക്രിസ്മസ് ആഘോഷിക്കരുത് എന്നു പറയുന്നവരുടെ വാദങ്ങളെ നമുക്കൊന്ന് സൂക്ഷ്മമായി അപഗ്രഥിക്കാം..

### ഡിസംബറിലെ തണുപ്പിൽ, ഇടയന്മാർ ആടുകളെ രാത്രി കാത്തുകൊണ്ടിരിക്കുമോ ?

ഡിസംബർ ശീതകാലമാണ്, വളരെ തണുപ്പുള്ള കാലം. ആ സമയത്ത് ഇടയന്മാർ പുറത്ത് താമസിക്കാറില്ല എന്നാണ് ഈ വാദം ഉന്നയിക്കുന്നവർ ചിന്തിക്കുന്നത്. ഇതിന് വലിയ ന്യായം ഉണ്ടെന്നു തോന്നുന്നില്ല. കാരണം, പലസ്തീനായിൽ പോയിട്ടുള്ളവർക്കറിയാം, യൂറോപ്പ് പോലെയോ അമേരിക്ക പോലെയോ പലസ്തീന വലിയ തണുപ്പുള്ള സ്ഥലമല്ല (ഭൂമധ്യരേഖയിൽനിന്ന് 31.7). ഞാൻ 9 വർഷക്കാലം അവി




**റവ. ഡോ. ആന്റണി തറേക്കടവിൽ**

ബൈബിൾ പ്രൊഫസർ,
ഗുഡ്ഷെപ്പേഡ് മേജർ സെമിനാരി, കുന്നോത്ത്

മെമ്പർ - പി.ഒ.സി. ബൈബിൾ റിവിഷൻ കമ്മിറ്റി

ടെ താമസിച്ചു പഠിച്ച വ്യക്തിയാണ്. 8 മുതൽ 14 ഡിഗ്രി വരെയാണ് ഡിസംബർ കാലത്ത് അവിടെ പരമാവധി വരുന്ന തണുപ്പ്. അത് വലിയ തണുപ്പല്ലെന്ന് നമുക്കറിയാം. കൂടാതെ ആടുകളും ഇടയന്മാരും രാത്രി പുറത്ത്, തുറസ്സായ സ്ഥലത്ത് കിടന്നുറങ്ങുകയല്ല ചെയ്യുന്നത്. അവിടെ ഇടയന്മാർ താമസിക്കുന്നത് നമ്മൾ പുൽക്കൂട് കെട്ടുന്നതുപോലെ ഒരു ചെറിയ കൂട്ടിലല്ല. അത് വലിയ ഗുഹകളാണ്. ഗുഹകൾക്ക് ചെറിയ, പൊക്കം കുറഞ്ഞ ഒരു പ്രവേശനകവാടം ഉണ്ടാകും. അതിലൂടെ അകത്തേയ്ക്കു പ്രവേശിച്ചാൽ നൂറോ, ഇരുന്നൂറോ, അഞ്ഞൂറോ ആടുകൾക്കോ ആളുകൾക്കോ നിൽക്കാവുന്ന സ്ഥലം ഉണ്ടാകും. ഇത്തരം അനേകം ഗുഹകൾ പലസ്തീനായിൽ നമുക്ക് കാണാവുന്നതാണ്. അതിന്റെ പ്രവേശനകവാടത്തിൽ ഒരു തീ കത്തിക്കുക കൂടി ചെയ്താൽ ഒരു കാരണവശാലും അതിനുള്ളിൽ തണുപ്പ് ഉണ്ടാവുകയില്ല.

നമ്മുടെ നാട്ടിലെ ഒരു സ്ഥിതിയല്ല പലസ്തീനായിൽ, അവിടം മുഴുവനും മരുഭൂമിയാണ്. അവിടെ ആടുമാടുകൾ പുറത്തേക്കിറങ്ങിയാൽ ഒന്നും തിന്നാൻ കിട്ടുകയില്ല. അതുകൊണ്ടുതന്നെ തീറ്റ കിട്ടാൻ വേണ്ടി ഇടയന്മാരുടെ പുറകെ പോകുന്ന ശീലമാണ് ആടുകൾക്കുള്ളത്. ഇടയൻ മുമ്പേ പോകുന്നതും പുറകേ വരിയായി ആടുകൾ പോകുന്നതും അവിടെ നിന്നുള്ള ചിത്രങ്ങളിലും സിനിമകളിലുമൊക്കെ കാണാവുന്നതാണ്. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിലുള്ള ആടിന്റെയും ഇടയന്റെയും ചിത്രമോ, യൂറോപ്പിലുള്ള അതികഠിനമായ ശൈത്യത്തിന്റെ ചിത്രമോ പലസ്തീനായെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിൽ കൊണ്ടുവരാനാകില്ല.



**ബൈബിളിൽ ക്രിസ്തുവിന്റെ ജനന ദിവസത്തെക്കുറിച്ച് പറയുന്നുണ്ടോ ?**

വിശുദ്ധ ലൂക്കായുടെ സുവിശേഷം 1:5, 9, 10 നമുക്ക് ശ്രദ്ധിക്കാം. "ഹേറോദേസ് യൂദയാ രാജാവായിരുന്ന കാലത്ത്, അബിയായുടെ ഗണത്തിൽ സഖറിയാ എന്ന ഒരു പുരോഹിതൻ ഉണ്ടായിരുന്നു. അഹറോൻെറ പുത്രിമാരിൽപ്പെട്ട എലിസബത്ത് ആയിരുന്നു അവൻെറ ഭാര്യ. പൗരോഹിത്യവിധി പ്രകാരം കർത്താവിൻെറ ആലയത്തിൽ പ്രവേശിച്ച് ധൂപം സമർപ്പിക്കാൻ സഖറിയായ്ക്ക് കുറിവീണു. ധൂപാർപ്പണ സമയത്ത് സമൂഹം മുഴുവൻ വെളിയിൽ പ്രാർഥിച്ചു കൊണ്ടിരുന്നു''

1 ദിന. 24:10 അനുസരിച്ച് 24 ഗണം പുരോഹിതരിലെ 8-ാം ഗണമാണ് അബിയായുടെത് (1 നെഹ 12). ഓരോ ഗണവും വർഷത്തിൽ രണ്ടുപ്രാവശ്യം ഓരോ ആഴ്ചവീതം ശുശ്രൂഷ ചെയ്തിരുന്നു. അങ്ങനെ വരുമ്പോൾ എട്ടാം ഗണത്തിന്റെ ശുശ്രൂഷ വരുന്ന വർഷത്തിലെ 32-ാം ആഴ്ചയിലാണ് (24 + 8) സക്കറിയ ശുശ്രൂഷ ചെയ്തത്. ഈ ദിവസം ഏതാണെന്ന് നാം അന്വേഷിക്കുകയാണെങ്കിൽ, പഴയനിയമ പശ്ചാത്തലത്തിൽ വർഷത്തിൽ ഒരു ദിവസമാണ് പ്രധാന പുരോഹിതൻ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച് ധൂപം അർപ്പിച്ചിരുന്നത്. ഇത് 'യോം കിപ്പൂർ' ദിവസമാണ്, അതായത് പാപപ്പരിഹാരദിനം. ഈ ദിനത്തെക്കുറിച്ച് ലേവ്യരുടെ പുസ്തകത്തിൽ 16-ാം അധ്യായത്തിൽ കാണാനാകും. പ്രധാനപുരോഹിതനാണ് അതിവിശുദ്ധസ്ഥലത്ത് പ്രവേശിക്കുന്നത് എന്ന് അവിടെ പറഞ്ഞിട്ടുണ്ടെങ്കിലും പാരമ്പര്യം കടന്നുവന്നപ്പോൾ പ്രധാന പുരോഹിതന്മാരുടെ നിലയിലുള്ള പല പുരോഹിതന്മാർ ഉണ്ടായിരുന്നതുകൊണ്ടാണ് ഏതു പുരോഹിതനാണ് പ്രവേശിക്കേണ്ടത് എന്നവർ നറുക്കിട്ട് നിശ്ചയിച്ചിരുന്നത്. ഈ കാര്യം അറിയാവുന്നതുകൊണ്ടാണ് 'യാക്കോബിന്റെ സുവിശേഷം' എന്നറിയപ്പെടുന്ന ഗ്രന്ഥം



സക്കറിയായെ പ്രധാനപുരോഹിതൻ എന്ന് വിളിക്കുന്നത് (യാക്കോ 8).

എന്നാണ് 'യോം കിപ്പൂർ' ആഘോഷിക്കുന്നത് എന്നു പരിശോധിച്ചാൽ, ഇസ്രായേൽക്കാരുടെ കലണ്ടർ അനുസരിച്ച് അത് സെപ്റ്റംബർ രണ്ടാമത്തെ പകുതിയിലോ ഒക്ടോബർ ആദ്യ പകുതിയിലോ ആണ് വരുന്നത് എന്നു കാണാം. ആ ദിവസം സഖറിയ ധൂപം അർപ്പിക്കുന്നു, അതിനുശേഷം സഖറിയ വീട്ടിൽ പോയി എലിസബത്ത് ഗർഭിണിയാവുന്നു. പിന്നീട് ആറുമാസം കഴിയുമ്പോൾ മാർച്ച് 25-നു പരിശുദ്ധ മറിയത്തിന് ദൂതൻ പ്രത്യക്ഷപ്പെടുന്നതായി നമുക്ക് കാണാം. ആ സമയത്ത് എലിസബത്ത് ആറുമാസം ഗർഭിണിയാണ്. മാർച്ച് 25- നാണ് പരിശുദ്ധ മറിയത്തിന്റെ മംഗളവാർത്ത എന്നുള്ളത് വളരെ പഴയ ഒരു പാരമ്പര്യമാണ്.

ചില സുറിയാനി സഭകളിൽ ഇത് പണ്ടു മുതൽ ആഘോഷിച്ചിരുന്നതുകൊണ്ട് മാർച്ച് 25-ാം തിയതി തന്നെ ദുഃഖവെള്ളിയാഴ്ച വരികയാണെങ്കിൽ മംഗളവാർത്തയ്ക്കാണ് അവർ കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്. അതിൽ നിന്നുതന്നെ ഈ പെരുന്നാളിന്റെ പ്രത്യേകത നമുക്ക് മനസ്സിലാകും. മാർച്ച് 25-ാം തിയതി മുതൽ ഒൻപത് മാസം കൂട്ടുകയാണെങ്കിൽ നമ്മൾ ഡിസംബർ 25-ൽ എത്തിച്ചേരും. അതായത് ഡിസംബർ 25-നാണ് ക്രിസ്തുമസ് ആദിമസഭ ആഘോഷിച്ചിരുന്നത് എന്നുള്ളതിന്റെ ഉറപ്പ് ബൈബിൾ തന്നെയാണ് നമുക്ക് നൽകുന്നത്.

### റോമാക്കാരുടെ ആഘോഷങ്ങൾ ക്രിസ്ത്യാനികൾ സ്വീകരിച്ചതാണോ?

റോമാക്കാർ ആഘോഷിച്ചു കൊണ്ടിരുന്ന ശീതകാല ആഘോഷമായ 'സത്തൂർണാലിയ' അതായത് ഉത്തരായന സംക്രമം ക്രിസ്ത്യാനികൾ സ്വീകരിച്ച് അതിന് രൂപമാറ്റം വരുത്തി ക്രിസ്തുമസ് ആക്കി മാറ്റി എന്നതാണ്, ക്രിസ്തുമസ്സ് ആഘോഷം നിഷേധിക്കുന്നവരുടെ ചരിത്രപരമായ ഒന്നാമത്തെ വാദം.

ഉത്തരായനസംക്രമം നടക്കുന്നത് ഡിസംബർ 22-ാം തിയതിയാണ്. സെപ്റ്റംബർ മാസം മുതൽ ഭൂമിയുടെ വടക്കുഭാഗത്ത് പകലിന്റെ ദൈർഘ്യം ഓരോ ദിവസവും കുറഞ്ഞു വരും. അത് ഏറ്റവും കുറവ് അനുഭവപ്പെടുന്ന ദിവസമാണ് ഡിസംബർ 22. അന്ന് നാല് മണിക്കൂർ വരെ പകലിന്റെ ദൈർഘ്യം കുറയും. ആ ദിവസം രാത്രിമുതൽ വീണ്ടും പകലിന്റെ ദൈർഘ്യം കൂടുകയും രാത്രിയുടെ ദൈർഘ്യം കുറയുകയും ചെയ്യും. അതിനാൽ ഡിസംബർ 22 സൂര്യദേവൻ ഇരുട്ടിനെ കീഴ്പ്പെടുത്തുന്ന ഒരു ദിനമായി റോമാക്കാർ പണ്ടുകാലം മുതലേ ആഘോഷിച്ചിരുന്നു. പിന്നീട് ഡിസംബർ 17 മുതൽ 22 വരെ നീളുന്ന വലിയൊരു ആഘോഷമാക്കി അവരതിനെ മാറ്റി. എന്നാൽ ഒരിക്കലും അത് 23-ാം തീയതി കഴിഞ്ഞു പോയിട്ടില്ല. സത്തൂർണാലിയ ഡിസംബർ 25 ആക്കി മാറ്റിയെന്നു പറയുന്നത് യുക്തിക്ക് ചേരുന്നതല്ല. ഇതു രണ്ടും വ്യത്യസ്തമായ രണ്ടു തീയതികളാണ്.



ചരിത്രത്തിൽ നിന്നുള്ള രണ്ടാമത്തെ വാദം, റോമാക്കാർ ഡിസംബർ 25-ാം തീയതി തന്നെ ആഘോഷിച്ചിരുന്ന 'നതാലി സോളിസ് ഇൻവിക്തി' അതായത് അജയ്യനായ സൂര്യദേവന്റെ ജന്മദിനം ക്രിസ്ത്യാനികൾ സ്വീകരിച്ച് മാറ്റം വരുത്തിയതാണ് ക്രിസ്തുമസ് എന്നുള്ളതാണ്. എന്നാൽ എന്നാണ് ഈ ആഘോഷം തുടങ്ങിയതെന്ന് ചരിത്രം പരിശോധിച്ചു നോക്കിയാൽ, ഔറേലിയൻ ചക്രവർത്തിയാണ് ഇങ്ങനെയൊരു ആഘോഷം ആരംഭിച്ചതെന്നു കാണാവുന്നതാണ്. അദ്ദേഹം റോമിൽ ചക്രവർത്തിയായിരുന്നത്, എ.ഡി. 271 മുതൽ 275 വരെയാണ്. എ.ഡി. 274 ലാണ് അദ്ദേഹം ഈ ആഘോഷം ആരംഭിക്കുന്നത്. ഔറേലിയൻ എന്ന വാക്കു വരുന്നത് 'ഔറോറ' എന്ന ലത്തീൻ വാക്കിൽ നിന്നാണ്. അതിന്റെ അർത്ഥം പ്രഭാതം അല്ലെങ്കിൽ വെളിച്ചം വരുന്ന സമയം എന്നാണ്. തന്റെ പേര് നിലനിർത്താൻ അദ്ദേഹം ആരംഭിച്ച ഒരു ആഘോഷമാണിത്. അന്ന് സൂര്യനായിരുന്നു റോമിന്റെ പ്രധാന ദേവനും പട്ടാളക്കാരുടെ ദേവനും. എ.ഡി.354 നു മുമ്പ് 'നതാലി സോളിസ് ഇൻവിക്തി' ഡിസംബർ 25 ന് ആഘോഷിച്ചതിനു തെളിവുകളില്ല. എന്നാണ് ആഘോഷിച്ചിരുന്നത് എന്ന് നമുക്ക് അറിവില്ല. 'സൂര്യദേവന്റെ പാപ്പാ' അല്ലെങ്കിൽ മഹാചാര്യൻ എന്നാണ് ഔറേലിയൻ തന്നെത്തന്നെ വിശേഷിപ്പിച്ചിരുന്നത്. ആ ദേവന്റെ പേര് അനുസ്മരിച്ചു കൊണ്ട് അദ്ദേഹം ആരംഭിച്ചതാണ് ഈ ആഘോഷമെന്ന് അദ്ദേഹത്തിന്റെ നാണയങ്ങളിൽനിന്ന് നമുക്ക് മനസ്സിലാക്കാം. എന്നാൽ അന്ന് അത് അദ്ദേഹം ഡിസംബർ 25ന് അല്ല ആഘോഷിച്ചിരുന്നത്.

എന്നാൽ സത്യം മറിച്ചാണ്. റോമിൽ എ.ഡി. 361 മുതൽ 365 വരെ ചക്രവർത്തിയായിരുന്നത് ജൂലിയൻ ആണ്. അദ്ദേഹം വിശ്വാസത്യാഗിയായിരുന്നു. അതായത് ക്രിസ്തുമതം സ്വീകരിച്ചതിനുശേഷം പിന്നീട് വിശ്വാസം ഉപേക്ഷിക്കുകയും ക്രിസ്തുമതാനുയായികളെ പീഡിപ്പിക്കുകയും ചെയ്തയാൾ. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിന്റെ ഭാഗമായും, അവരെ ചരിത്രത്തിൽനിന്ന് ഉന്മൂലനം ചെയ്യുന്നതിന്റെ ഭാഗമായും ക്രിസ്ത്യാനികളുടെ ക്രിസ്തുമസ് ആഘോഷ ദിവസം അതായത് ഡിസംബർ 25-ാം തീയതി റോമാക്കാരുടെ ഒരു പ്രധാന ആഘോഷമായ 'നതാലി സോളിസ് ഇൻവിക്തി' ആഘോഷിച്ചു കൊണ്ട് ക്രിസ്തുമസ് ആഘോഷത്തെ നീക്കം ചെയ്യാൻ അദ്ദേഹം പരിശ്രമിക്കുകയാണ് ചെയ്തത്.

## ആദിമസഭയിൽ ഡിസംബർ 25-ന് ക്രിസ്തുമസ് ആഘോഷിച്ചിരുന്നോ?

ആദ്യനൂറ്റാണ്ടുകളിൽ പരസ്യമായി ക്രിസ്തുമസ് ആഘോഷിച്ചിരുന്നത് എങ്ങനെയാണെന്ന് നമുക്ക് അറിഞ്ഞുകൂടാ. ഇത് പരി. അമ്മയിൽനിന്നു തന്നെ തുടക്കമിട്ട തിരുന്നാളായിരിക്കണം. സഭാപിതാക്കന്മാരുടെ രേഖകൾ പരിശോധിക്കുമ്പോൾ, ഈ വിഷയത്തിൽ ആദ്യമായി ഒരു രേഖ നമുക്ക് കാണാനാവുക പലസ്തീനായിലെ കേസറിയായിൽ എ.ഡി. 115 മുതൽ 181 വരെ മെത്രാനായിരുന്ന തെയോഫിലോസിനെക്കുറിച്ചുള്ള വിവരണത്തിലാണ്. ഡിസംബർ 25-ാം തീയതിയാണ് ക്രിസ്തുമസ് ആഘോഷിക്കേണ്ടത് എന്ന് അദ്ദേഹം





# നിസ്സാരമല്ല, ഒരു സ്വപ്നവും

"**മി**ഷനറി പ്രവർത്തനം എപ്രകാരം ചെയ്യണമെന്നതിനെക്കുറിച്ച് 5 വർഷത്തോളം റോമിൽ പോയി പഠിച്ച വ്യക്തിയാണ് ഞാൻ" ഒരു വൈദികൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു. എന്നിട്ടും മിഷനുവേണ്ടി ഇതുവരെ ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞു എന്നെനിക്ക് തോന്നിയിട്ടില്ല." അദ്ദേഹം തുടർന്നു. "എന്നെ അത്ഭുതപ്പെടുത്തുന്നത് അതല്ല; ഒന്നും പഠിക്കാത്ത, ഇത്തരം കാര്യങ്ങളിൽ ഒരറിവുമില്ലാത്ത ഫിയാത്ത് മിഷൻ എങ്ങനെയാണ് മിഷനു വേണ്ടി ഇത്രയും കാര്യങ്ങൾ ചെയ്യുന്നത്? ഞാനും എന്നെപ്പോലെ പലരും ആത്മാവിന്റെ സ്വരം ശ്രവിച്ച് പ്രവർത്തിക്കാതിരിക്കുന്നതിനാൽ കർത്താവ് നിങ്ങളെക്കൊണ്ട് ചെയ്യിക്കുന്നതാകും." അദ്ദേഹം പറഞ്ഞു നിർത്തി.

വൈദികരും, സന്യസ്തരും, അത്മായരുമായ പലരും ഇപ്രകാരം പറഞ്ഞു കേട്ടിട്ടുണ്ട്. 'ഫിയാത്ത് മിഷൻ ചെയ്യുന്ന ശുശ്രൂഷകൾ കാണുമ്പോൾ ഇവയിൽ പലതും ചെയ്യാൻ ഞങ്ങൾ ആഗ്രഹിച്ചതായിരുന്നു. എന്നാൽ നടക്കാതെ പോയി. ഇന്ന് നിങ്ങളിലൂടെ ഇവ നിറവേറുന്നതു കാണുമ്പോൾ ഏറെ സന്തോഷം തോന്നുന്നു. ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നുണ്ട്.'

അനേകരുടെ പ്രാർത്ഥനയുടേയും, ആഗ്രഹത്തിന്റെയും പൂർത്തീകരണമാണ് ഫിയാത്ത് മിഷന്റെ ഓരോ ശുശ്രൂഷയും. ഫിയാത്ത് മിഷനിലെ ആരുടേയും കഴിവല്ല ശുശ്രൂഷ വളരുന്നതിന് കാരണം. മറിച്ച് 'നമ്മിലുള്ള ദൈവകൃപ അധ്വാനിച്ചതും' ആത്മപ്രേരണ ലഭിച്ചിട്ടും ദൈവശുശ്രൂഷയ്ക്കായി ഒന്നും ചെയ്യാനായില്ലല്ലോ എന്ന, അനേകരുടെ നെടുവീർപ്പിൽ നിന്നുമുയരുന്ന പ്രാർത്ഥനകളുമാണ് അതിനു പിന്നിലെ യഥാർത്ഥ ശക്തി.

ദൈവരാജ്യ ശുശ്രൂഷയ്ക്കായി എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹം, നവീനമായ ഒരാശയം, അത് ലഭിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണെന്ന് ഉറപ്പ് ലഭിച്ചാൽ അതിനെ നിസ്സാരമായി കാണരുതേ. കാരണം നിങ്ങൾക്ക് ആ ആശയം നൽകിയ ദൈവം കാത്തിരിക്കുകയാണ്, അത് നിറവേറി കാണാൻ. അതിനാൽ ആ പ്രേരണ, നിസ്സാരമെന്നു കരുതി തള്ളിക്കളയരുതേ. പല കാരണങ്ങളാൽ ഇത്തരത്തിലുള്ള ഏതെങ്കിലും ദൈവാത്മപ്രചോദിതമായ പ്രേരണകൾ നിങ്ങൾക്ക് നടപ്പിലാക്കാനാകുന്നില്ല എന്നുണ്ടെങ്കിൽ അത് ഫിയാത്ത് മിഷനെ അറിയിക്കുക. ഫിയാത്ത് മിഷൻ പ്രാർത്ഥനാപൂർവ്വം അതിനെക്കുറിച്ച് തീരുമാനമെടുക്കുന്നതാണ്. ദൈവം ആഗ്രഹിക്കുന്നതാണെങ്കിൽ പ്രസ്തുത ആശയം നടപ്പിലാക്കാൻ ഫിയാത്ത് മിഷൻ നിങ്ങളെ സഹായിക്കാം. ലോകത്തിനു മുമ്പിൽ നിസ്സാരവും ഭോഷത്തവുമായി തോന്നുന്ന ദൈവിക പ്രേരണകളാണ് ഫിയാത്ത് മിഷനിലൂടെ മുളച്ചു വളർന്ന് ഫലം ചൂടി നിൽക്കുന്നത്.

നമുക്കൊരുമിക്കാം.. ദൈവികപദ്ധതികൾ നിറവേറ്റാനായി. നമ്മുടെ പരിമിതികൾ മൂലം ദൈവത്തിന്റെ ഒരു സ്വപ്നവും പൂവണിയാതിരിക്കരുത്.

പറഞ്ഞിട്ടുണ്ട്. രണ്ടാമത് ഈ വിഷയത്തെക്കുറിച്ചുള്ള രേഖപ്പെടുത്തൽ കാണുന്നത് റോമിലെ ടെലസ്ഫോറോസ് പാപ്പായെക്കുറിച്ചുള്ള വിവരണത്തിലാണ്. രാത്രി വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ട് ക്രിസ്തുമസ് ആഘോഷിക്കുന്ന രീതി ആരംഭിച്ചത് ഈ മാർപാപ്പയാണ് (എ.ഡി.125-136).

ക്രിസ്തുമസ് എന്ന വാക്കു പോലും ഉത്ഭവിച്ചത് 'ക്രിസ്തൂസ് മേസേ' ക്രിസ്തുവിന്റെ കുർബാന എന്നുള്ള പഴയ ഇംഗ്ലീഷിൽ നിന്നാണ്. ക്രിസ്തുമസ് ആഘോഷത്തെക്കുറിച്ചുള്ള ഒരു രേഖ വീണ്ടും കാണുന്നത് 205 ലാണ്. റോമിലെ വിശുദ്ധ ഹിപ്പോളിറ്റസിന്റെ (170-24) 'ക്രോണിക്കോണി' (205) ൽ. അഗസ്റ്റസ് സീസറിന്റെ 42-ാം ഭരണവർഷം ഡിസംബർ 25-ാം തിയതി ബുധനാഴ്ചയാണ് ക്രിസ്തു ജനിച്ചത് എന്ന് അതിൽ പറയുന്നുണ്ട്.

ഈ വിവരണങ്ങളെല്ലാം വ്യക്തമാക്കുന്നത് റോമാക്കാരുടെ ആഘോഷങ്ങളെക്കാൾ വളരെ മുമ്പു തന്നെ ക്രിസ്ത്യാനികൾ ഡിസംബർ 25 ക്രിസ്തുവിന്റെ ജന്മദിനമായി ആഘോഷിച്ചിരുന്നു എന്നാണ്.

ഇതെല്ലാം അറിയാമായിരുന്നതു കൊണ്ടായിരിക്കാം ബെനഡിക്ട് പതിനാറാമൻ മാർപാപ്പ കാർഡിനലായിരുന്ന കാലത്ത് എഴുതിയ 'ലിറ്റർജിയുടെ ആത്മാവ്' എന്ന ഗ്രന്ഥത്തിൽ വിജാതീയരുടെ ആഘോഷങ്ങളുമായി ക്രിസ്തുമസിന് ബന്ധമൊന്നുമില്ലെന്ന് പറഞ്ഞത്.

ക്രിസ്തുവിനെ പകർന്നു കൊടുക്കാൻ കഴിയുന്ന വിധത്തിൽ സമുചിതമായി സന്തോഷത്തോടു കൂടി നമുക്കെല്ലാവർക്കും ഈ ക്രിസ്തുമസ് ആഘോഷിക്കാം. ഏവർക്കും ഹൃദയപൂർവ്വകമായ ക്രിസ്തുമസ് ആശംസകളും പ്രാർത്ഥനകളും നേരുന്നു.




റോമൻ പബ്ലിക് ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന സെൻസസ് റെക്കോഡുകൾ പരിശോധിച്ച ശേഷം സഭാ പിതാവായ ജോൺ ക്രിസോസ്റ്റം (AD 347-407), തന്റെ പ്രസംഗത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, യേശു ജനിച്ചത് ഡിസംബർ-25 നാണെന്ന്.



# പരമയാഗത്തിനുള്ള ദൈവകുഞ്ഞാട്

“**ആ** പ്രദേശത്തെ വയലുകളിൽ, ആടുകളെ രാത്രി കാത്തു കൊണ്ടിരുന്ന ഇടയൻമാർ ഉണ്ടായിരുന്നു. കർത്താവിൻെറ ദൂതൻ അവരുടെ അടുത്തെത്തി. കർത്താവിൻെറ മഹത്വം അവരുടെ മേൽ പ്രകാശിച്ചു. അവർ വളരെ ഭയപ്പെട്ടു. ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടേണ്ടാ. ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിൻെറ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു.” (ലൂക്കാ 2:8-11)

ജറുസലേം ദൈവാലയത്തിൽ യാഗമർപ്പിക്കപ്പെടാനുള്ള ആടുകൾ, കാലങ്ങളായി പിറന്നു വീഴുന്ന ബേത്‌ലഹേമിൽ തന്നെ, അതേ സീസണിൽ സാക്ഷാൽ ദൈവ കുഞ്ഞാടും പിറന്നു വീണു.

ഈ തിരുവചനം ഉദ്ധരിച്ച് ക്രിസ്തുമസ് ഡിസംബറിലല്ലെന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്നവരുണ്ട്. കാരണം ജറുസലേമിൽ ഡിസംബർ മഴക്കാലമായതിനാൽ ഇടയന്മാർ ആടുകളോടൊപ്പം പുറത്ത് താമസിക്കില്ലെന്ന് ഇക്കൂട്ടർ വാദിക്കുന്നു. എന്നാൽ എല്ലാ ഡിസംബറും മഴക്കാലമാകണമെന്നില്ല എന്ന് യഹൂദന്മാരുടെ ‘മിഷ്നാ’ വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാനാകും. അവിടെ എഴുതിയിരിക്കുന്നു ‘മഴയില്ലാത്ത ഡിസംബർ ഭാഗ്യമുള്ളതാണ്, ശ്രേഷ്ഠമാണ്. മഴയില്ലാത്ത ഡിസംബറുള്ള വർഷമാണ് ഏറ്റവും അനുഗ്രഹിക്കപ്പെട്ട വർഷം.’ മറ്റൊരു കാര്യം ഈ ഇടയന്മാർ സാധാരണ ഇടയന്മാരല്ലെന്നുള്ളതാണ്. യഹുദറബ്ബിമാരുടെ നിയന്ത്രണത്തിലുള്ള ഇടയക്കൂട്ടമാണത്. ജറുസലേം ദൈവാലയത്തിൽ യാഗമർപ്പിക്കാനുള്ള, ഒരു പ്രത്യേക ജനുസ്സിൽ പെട്ട ആടുകളെയാണ് ബേത്‌ലഹേമിൽ ഇവർ പരിപാലിച്ചു കൊണ്ടിരുന്നത്. ഈ ആടുകൾ പ്രസവിക്കുന്ന കാലമാണ് ഡിസംബർ.

ജറുസലേം ദൈവാലയത്തിൽ യാഗമർപ്പിക്കപ്പെടേണ്ട ആടുകൾ, നാളുകളായി പിറന്നു വീഴുന്ന ബേത്‌ലഹേമിൽ തന്നെ അതേ സീസണിൽ സാക്ഷാൽ ദൈവത്തിന്റെ കുഞ്ഞാടും പിറന്നു വീണു. ഈ ആടുകളെ ദൈവാലയത്തിൽ കൊണ്ടുവന്നു കൊടുക്കുകയും പുരോഹിതൻ അതിനെ യാഗമർപ്പിക്കുകയും ചെയ്യും.

ബലിയർപ്പിക്കപ്പെടുന്ന കുഞ്ഞാടിന്റെ രക്തമൊഴുകിത്തീർന്ന് ആ യാഗമൃഗത്തെ ദഹിപ്പിക്കാനായി കൈമാറുമ്പോൾ പുരോഹിതൻ പറയും: 'എല്ലാം പൂർത്തിയായിരിക്കുന്നു.' (ഇറ്റ് ഈസ് ഫിനിഷ്ഡ്) അതായത് യാഗമർപ്പിക്കുന്ന പുരോഹിതൻ യാഗാർപ്പണത്തിൽ യാഗമൃഗത്തിന്റെ രക്തം മുഴുവൻ ഒഴുക്കിയിട്ട് പറയുന്ന വാക്കാണ് യേശു കുരിശിൽ വെച്ച് പറഞ്ഞത്. കാൽവരി കുരിശിൽ അവിടുന്ന് തന്റെ പൗരോഹിത്യശുശ്രൂഷ നിർവഹിക്കുകയായിരുന്നു. ഒരു യാഗത്തിൽ അർപ്പകൻ, യാഗമൃഗം, പുരോഹിതൻ എന്നിങ്ങനെ മൂന്ന് കാര്യങ്ങളാണ് വേണ്ടത്. എന്നാൽ യേശുവിൻെറ ബലിയുടെ പ്രത്യേകത ഈശോ തന്നെ ബലിവസ്തുവും അർപ്പകനും കാർമികനും ആയിരുന്നു എന്നതാണ്.

ദൈവസൂനു മന്നിലവതരിച്ചപ്പോൾ അവനെ ആരാധിക്കാനായി സ്വർഗീയവൃന്ദം മന്നിലിറങ്ങി വന്നു. "തൻെറ ആദ്യജാതനെ ലോകത്തിലേക്ക് അയച്ചപ്പോൾ അവിടുന്നു പറഞ്ഞു: ദൈവത്തിൻെറ ദൂതൻമാരെല്ലാം അവനെ ആരാധിക്കട്ടെ." (ഹെബ്രായർ 1:6) സാക്ഷാൽ ദൈവകുഞ്ഞാടിന്റെ നിഴലായി ജറുസലേം ദൈവാലയത്തിൽ ബലിയർപ്പിക്കപ്പെട്ടുകൊണ്ടിരുന്ന കുഞ്ഞാടുകളെ പരിപാലിച്ചു കൊണ്ടിരുന്ന ഇടയന്മാരോട് ഒരു ഗണം ദൂതന്മാർ 'സന്തോഷത്തിൻെറ സദ്വാർത്ത' അറിയിക്കുന്നു. താത്കാലിക നിയമത്തിന്റെ കാവൽക്കാരായ ഇടയന്മാരോട്, ശ്രേഷ്ഠനിയമത്തിന്റെ കാവൽക്കാരായ സ്വർഗീയ ദൂതന്മാർ വന്നു പറയുകയാണ്. 'ഇതാ നിങ്ങൾക്കായി ഒരു രക്ഷകൻ.' കാരണം



എഡി 70-ൽ ടൈറ്റസ് ജറുസലേം അക്രമിച്ച് തകർത്തപ്പോൾ ജറുസലേമിൽ സംഭവിച്ച കാര്യങ്ങളെല്ലാം ജോസിഫസ് എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആ സമയത്ത് ശുശ്രൂഷിച്ചിരുന്ന ഗോത്രം എതാണെന്നു പരിശോധിച്ച് 70 വർഷത്തെ കണക്ക് പുറകോട്ട് കണക്കു കൂട്ടിയാൽ, യേശു ജനിക്കുന്ന വർഷം ധൂപമർപ്പിച്ചിരുന്നത് അബിയഗോത്രമാണെന്നും അത് സെപ്റ്റംബറിലാണെന്നും കൃത്യമായി മനസ്സിലാക്കാം.


ഇതുവരെയുള്ള യാഗങ്ങൾ താത്കാലികമാണ്. ഇവയ്ക്കൊരിക്കലും പാപങ്ങൾ പൂർണമായി, എന്നന്നേയ്ക്കുമായി പരിഹരിക്കാനാകില്ല. എന്നാൽ ക്രിസ്തു എന്ന ദൈവത്തിന്റെ കുഞ്ഞാട് ഇവിടെ ജനിച്ചിരിക്കുന്നു.

എത്ര അത്ഭുതകരമാണിത്. ആഴത്തേയും ഊഴിയേയും സൃഷ്ടിച്ച ദൈവം, അഖിലാണ്ഡങ്ങളെ തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്ന ദൈവം, ദൂതന്മാർ സ്തുതിക്കുന്ന ദൈവം, ആ ദൈവം ഇന്ന് ഒരു കന്യകയുടെ കൈകളാൽ താലോലിക്കപ്പെടുകയാണ്. അതുകൊണ്ട് പരിശുദ്ധ കന്യകാമറിയം പറയുകയാണ് 'ഇതാ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.'

ഇത് സന്തോഷിക്കേണ്ട സുദിനമാണെന്ന് സ്വർഗം പറഞ്ഞെങ്കിൽ, വളരെ അർത്ഥവത്തായിത്തന്നെ ഈ ക്രിസ്തുമസ് നമുക്ക് ആഘോഷിക്കാം. തന്റെ ചങ്ക് പറിച്ചു തന്ന - പുത്രനെ നമുക്ക് തന്ന - പിതാവിന്റെ സ്നേഹത്തെ വാഴ്ത്തിക്കൊണ്ട് നമ്മുടെ രക്ഷയ്ക്ക് കാരണമായവനെ ആരാധിച്ചുകൊണ്ട് ഈ രക്ഷയുടെ സുവിശേഷം ഏവരേയും അറിയിക്കത്തക്ക വിധത്തിൽ നമുക്ക് ഈ സുദിനം ആഘോഷിക്കാം.

എ.ഡി.348-ൽ ജെറുസലേമിലെ ബിഷപ്പായിരുന്ന സിറിൾ, പോപ്പ് ജൂലിയസിനോട് യേശുവിന്റെ ജനനദിവസത്തെക്കുറിച്ച് എഴുതി ചോദിച്ചു. റോമിലുള്ള സെൻസസ് റെക്കോഡുകൾ പരിശോധിച്ച് ഇക്കാര്യത്തിൽ ഒരു ഉറപ്പ് ലഭിക്കുകയായിരുന്നു ഉദ്ദേശ്യം. തിരുപ്പിറവി ഡിസംബർ 25 ന് തന്നെയെന്ന് പോപ്പ് നൽകിയ മറുപടി രേഖകളിലുണ്ട്.





# കേരള കത്തോലിക്കാ സഭ വംശനാശത്തിന്റെ വക്കിൽ ?

**ശീ**ർഷകം അല്പം അസ്വസ്ഥത ഉളവാക്കുന്നതുതന്നെയെന്നറിയാം. എങ്കിലും യാഥാർത്ഥ്യത്തെ എത്രനാൾ മറച്ചു വയ്ക്കാനാകും. കേരളത്തിലെ കത്തോലിക്കരുടെ എണ്ണത്തിൽ ഗണ്യമായ കുറവാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ദൈവവിളികൾ, പ്രത്യേകിച്ച് സന്യസ്തദൈവവിളികൾ നാമമാത്രമായി ചുരുങ്ങി. മിഷനിലേയ്ക്ക് ധാരാളം ദൈവവിളികൾ ഉണ്ടായിക്കൊണ്ടിരുന്ന നമ്മുടെ ഇടവകകളിൽ നിന്ന് മിഷനിലേയ്ക്ക് പോകാൻ തയ്യാറായി ആരും മുന്നോട്ടുവരാനില്ലാത്ത സ്ഥിതിയായി.

"നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയെ ഭരിക്കുവിൻ" എന്ന കർത്താവിന്റെ കൽപന കാറ്റിൽ പറത്തി നാം കുഞ്ഞുങ്ങളുടെ സംഖ്യ പരിമിതപ്പെടുത്തി. ജനനനിയന്ത്രണം ഒരു' സോഷ്യൽ സ്റ്റാറ്റസി'ന്റെ ഭാഗമായി കേരളകത്തോലിക്കർ ഏറ്റെടുത്തു. അതായത് തിരുവചനത്തിനും, സഭാപ്രബോധനങ്ങൾക്കുമെതിരായി പ്രവർത്തിക്കുന്നതിലെ അപകടം മനസ്സിലാക്കാതെ നിക്ഷിപ്ത താൽപര്യങ്ങൾ വച്ചു പുലർത്തുന്ന ഏതൊക്കെയോ രാജ്യാന്തരസംഘടനകളുടെ വാക്കുകൾ അനുസരിച്ച് നാം കെണിയിൽ വീണു.

സഭയുടെ ഈ 'ശോഷണ'ത്തിന്റെ പ്രധാനകാരണമെന്താണ്? അതിന്റെ ഉത്തരം ഏറെ ലളിതവും നമുക്കെല്ലാവർക്കും അറിയാവുന്നതുമാണ്. "നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും പോയി സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16:15) എന്ന കർത്താവിന്റെ സുപ്രധാന കൽപന നാം അവഗണിച്ചു. സകലസൃഷ്ടികളോടും എന്നതു പോയിട്ട് ന

മ്മുടെ അടുത്തുള്ളവർക്കു പോലും നാം സുവിശേഷം കൊടുക്കാറുണ്ടോ?

പാരമ്പര്യങ്ങളിലും, തറവാട്ടുമഹിമയിലും മേനിപറയുന്ന നമ്മൾ, സുവിശേഷപ്രഘോഷണമെന്ന കർത്തവ്യം കാലക്രമേണ കൈമോശം വരുത്തി എന്നതാണ് നമ്മുടെ സഭാസമൂഹത്തിന് സംഭവിച്ച വിന. 'തോമാശ്ലീഹായാൽ നേരിട്ട് മാമ്മോദീസാ സ്വീകരിച്ച കുടുംബങ്ങൾ' എന്നൊക്കെ അഭിമാനിക്കുന്ന നാം ചില കാര്യങ്ങൾ വിസ്മരിച്ചു. ആ ക്രിസ്തു ശിഷ്യൻ കടൽ കടന്ന് ഇവിടെ വന്ന് രക്ഷയുടെ സുവിശേഷം പ്രസംഗിച്ചെങ്കിൽ നാമും അത് പ്രഘോഷിക്കാൻ കടപ്പെട്ടവരാണ് എന്ന് . ഇതിനേക്കാൾ പഴമയും പെരുമയും അവകാശപ്പെട്ടിരുന്ന സഭാ സമൂഹങ്ങൾ പലതും വിശ്വാസികളില്ലാത്തതിനാൽ നാമാവശേഷമായി കൊണ്ടിരിക്കുന്നു എന്ന് സൗധങ്ങൾ പണിതുയർത്തിയ പല സഭാസമൂഹങ്ങളും യഥാർത്ഥ സഭയാകുന്ന വിശ്വാസ



റോമൻ പുരാവസ്തുശേഖരത്തിൽ സൂക്ഷിച്ചിരുന്ന സെൻസസ് രേഖകൾ പരിശോധിച്ച് തെർതുല്യൻ (155 - 220 AD) യേശു ജനിച്ച തിയതി ഡിസംബർ 25 ആണെന്ന വസ്തുത ശരിവച്ചിട്ടുണ്ട്.

സമൂഹത്തെ വിശ്വാസത്തിലും എണ്ണത്തിലും വളർത്തുന്നതിൽ വേണ്ടത്ര ശ്രദ്ധവച്ചില്ല. മിഷൻ ചെയ്യാത്ത സഭ മൃതമാണ് അത് കാലക്രമേണ ഇല്ലാതാകുമെന്ന് ഇതിനോടകം നമെല്ലാവരും മനസ്സിലാക്കിയിട്ടുണ്ട്. ശേഷിക്കുന്ന കാലമെങ്കിലും ശക്തമായ ഒരു തിരിച്ചുവരവ് നടത്തിയില്ലെങ്കിൽ ആദ്യമേ കുറിച്ച ശീർഷകം സംഭവിക്കും. കേരളസഭ വംശനാശം നേരിടും.

## കാമറൂൺ സന്ദർശനം; തുറക്കുന്ന വാതായനങ്ങൾ

രാവിലെ 6.30 നുള്ള ദിവ്യബലിക്കായി വെളുപ്പിന് 4 മണിക്ക് എഴുന്നേറ്റ് താമസസ്ഥലത്തുനിന്നും നടന്നു പോകുന്ന ഒരു വൈദികനെയും അങ്ങനെയൊരു നാടിനേയും കുറിച്ച് ഇങ്ങ് കേരളത്തിലിരുന്ന് ചിന്തിക്കാനാകുന്നുണ്ടോ? തീർന്നില്ല, കുർബാന കഴിഞ്ഞ് വിശ്വാസികളോടെല്ലാം സംസാരിച്ച് 12 മണിയോടെ ഈ പുരോഹിതൻ വീണ്ടും നടപ്പു തുടരും. മറ്റൊരു പള്ളിയിൽ ദിവ്യബലിക്ക്. അവിടെ ദിവ്യബലി വൈകിട്ട് 5 മണിക്കാണ്. ഈ രണ്ടു ദൈവാലയങ്ങളിലും വൈദികർക്ക് താമസിക്കാനുള്ള സൗകര്യമില്ലാത്തതിനാൽ വിശുദ്ധ കുർബാന കഴിഞ്ഞ് ഇദ്ദേഹം വീണ്ടും നടന്ന് 8 മണിയോടെ തിരികെ മുറിയിലെത്തും.

കാമറൂൺ എന്ന ആഫ്രിക്കൻ രാജ്യത്തിലേയ്ക്ക് ഫിയാത്ത് മിഷൻ നടത്തിയ മിഷൻ സന്ദർശന വേളയിൽ ഞങ്ങൾ പരിചയപ്പെട്ട കോൺസ്റ്റന്റൈൻ എന്ന പുരോഹിതന്റെ അനുദിന ജീവിതചര്യയാണിത്. മോട്ടോർ സൈക്കിൾ ഓടിക്കാൻ പോലും പറ്റാത്തത്ര ശോചനീയമായ വഴികളിലൂടെ ഈ ദൈവാലയങ്ങളിലെത്തി ബലിയർപ്പിക്കാൻ ഇദ്ദേഹത്തിന് നടക്കുകയല്ലാതെ വേറെ വഴിയില്ല.

ഏറെ നാളത്തെ പ്രാർത്ഥനയ്ക്കുശേഷം കർത്താവ് ഒരുക്കിയ കാമറൂൺ സന്ദർശനവേളയിൽ ഫിയാത്ത് മിഷനായി അവിടെ കർത്താവ് കാത്തുവെച്ച ശുശ്രൂഷകളെക്കുറിച്ച് 32-ാം പേജിൽ.





ഒബാലയിലെ ബിഷപ്പ് സോസ്തനെ ലിയോപോൾഡ് ബായെമിയോടൊപ്പം ബ്ര.സീറ്റ്ലി, ഫാ.ജോസഫ് അന്തിക്കാട്ട് എന്നിവർ

മിഷനെ അറിയാൻ
മിഷനെ സ്നേഹിക്കാൻ
മിഷനെ വളർത്താൻ

# 4th ജിജിഎം (ഗ്രേറ്റ് ഗാതറിംഗ് ഓഫ് മിഷൻ) മിഷൻ കോൺഗ്രസ്

കേരളസഭാ മക്കളിൽ ഒരു മിഷൻ ചലനം സൃഷ്ടിക്കാനായി ഫിയാത്ത് മിഷൻ സംഘടിപ്പിച്ചുവരുന്ന ജിജിഎം മിഷൻ കോൺഗ്രസുകളിലെ 4-ാമത് സംഗമം 2020 മേയ് 24 മുതൽ 26 വരെ അരങ്ങേറുകയാണ്. ഹിന്ദി ഇംഗ്ലീഷ് മലയാളം എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളിലായിട്ടായിരിക്കും ഈ വർഷത്തെ പരിപാടികൾ. മിഷൻ കോൺഗ്രസിന്റെ ഗുണഫലങ്ങളിൽ പ്രധാനമായത്, മിഷനിലേയ്ക്ക് ദൈവവിളികൾ കുറഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അനേകം മിഷൻ ദൈവവിളികൾ ഇതുവഴി ഉണ്ടാകുന്നു എന്നതാണ്. ഇന്ത്യയിൽ നിന്നും ഇന്ത്യയ്ക്കു പുറത്തുനിന്നുമുള്ള 18 ബിഷപ്പുമാർ കഴിഞ്ഞ മിഷൻ കോൺഗ്രസിൽ സംബന്ധിച്ചിരുന്നു. അമ്പതോളം ഗ്രാമീണദൈവാലയങ്ങൾ മിഷൻ പ്രദേശങ്ങളിൽ പണിയപ്പെട്ടതും വിവിധ തരത്തിലുള്ള സഹായങ്ങൾ മിഷനിലേയ്ക്ക് എത്താനായതും ഈ മിഷൻ സംഗമങ്ങളിലൂടെ കർത്താവ് പ്രവർത്തിക്കുന്നതിന്റെ പ്രത്യക്ഷ അടയാളങ്ങളാണ്.

Fiat Mission
HIS VISION, OUR MISSION

88935 53035, 86069 63035, fiatggm@gmail.com

## 2020 ഏപ്രിൽ 24-26

- **മിഷൻ എക്സിബിഷൻ**
- **മിഷൻ ധ്യാനം**
- **മിഷൻ ഗാതറിംഗ്സ്**















മിഷൻ കോൺഗ്രസിലെ ഒരു പ്രധാന വിഭാഗമാണ് മിഷൻ എക്സിബിഷൻ. കേരളത്തിന്റെ നാനഭാഗത്തുനിന്നുമായി ആയിരക്കണക്കിനു പേരാണ് -പ്രത്യേകിച്ച് കുട്ടികൾ - ഇതിൽ സംബന്ധിക്കാറുള്ളത്.

രാജ്യത്തിന്റെ വിവിധ മിഷൻ പ്രദേശങ്ങളിൽ നിന്നുള്ളവർ പങ്കെടുത്ത് തങ്ങളുടെ മിഷൻ പ്രദേശങ്ങളെ പരിചയപ്പെടുത്തുന്ന അതിവിപുലമായ എക്സിബിഷനിലേയ്ക്ക് ഇടവകകൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വരുന്ന ബസുകൾക്കാവശ്യമായ ഡീസൽ തുകയും (ഒരു കിലോമീറ്ററിന് 10 രൂപ) ഡ്രൈവർ ബത്തയും (500 രൂപ) ഫിയാത്ത് മിഷൻ നൽകുന്നതായിരിക്കും. ആദ്യത്തെ 500 ബസുകൾക്ക് മാത്രമായിരിക്കും ഈ സൗജന്യമെന്നതിനാൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.





# ചെറുചെടികളെ പരിപാലിക്കുമ്പോൾ..

നല്ല വളക്കൂറുള്ള മണ്ണിലെ പൂർണവളർച്ചയെത്തിയ ഫലവൃക്ഷങ്ങളെ പരിപാലിച്ചു കൊണ്ടിരിക്കുകയും അവയിൽ നിന്നും ലഭിക്കുന്ന ഫലങ്ങളെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യുന്നവരെപ്പോലെയാണ് പലപ്പോഴും നമ്മൾ. വചനവും കൂദാശകളും യഥേഷ്ടം ലഭിക്കുന്ന കേരളമണ്ണിൽ പുതിയ ശുശ്രൂഷാകേന്ദ്രങ്ങളും ശുശ്രൂഷകരും ഉദയം ചെയ്തുകൊണ്ടേയിരിക്കുന്നു. എന്നാൽ ഇതിനു പുറത്തുള്ള മരുഭൂമി സമാനമായ ഭൂമികകളെ നാം കണ്ടില്ലെന്ന് നടിക്കുന്നു. കേരളത്തിൽ പതിനായിരങ്ങൾ ഒത്തുചേരുന്ന കൺവെൻഷനുകൾ ഇപ്പോൾ പുതുമയല്ല. എന്നാൽ മിഷൻ പ്രദേശങ്ങളിലെ പത്തുപേരിൽ വിശ്വാസ വിത്തു വിതച്ച് പരിപാലിച്ച് ഫലം പുറപ്പെടുവിക്കത്തക്കവിധത്തിലാക്കുകയെന്നത് തുലോം ദുഷ്കരമാണ്. ഈ ഉത്തരവാദിത്വമാണ് ഫിയാത്ത്മിഷന്റെ ശിഷ്യത്വപരിശീലന ശുശ്രൂഷകൾ വഴിയായി നിർവ്വഹിക്കപ്പെടുന്നത്.

കുറ്റ്യാടി മരുതോങ്കരയിലെ ഫിയാത്ത് മിഷൻ ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തപ്പെടുന്ന 30-ാം ബാച്ച് ശിഷ്യത്വപരിശീലന പരിപാടിയിൽ ഛത്തിസ്ഗഡ്, പഞ്ചാബ്, ഒറീസ, ആസാം, മേഘാലയ, അരുണാചൽ പ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള 20 പേരാണ് പങ്കെടുക്കുന്നത്. ഇവരിൽ പലരും തങ്ങളുടെ സംസ്ഥാനങ്ങളിൽ കാറ്റികിസ്റ്റുകളായി ശുശ്രൂഷ ചെയ്ത് വരികയാണ്. എന്നാൽ ഖേദകരമെന്നു പറയട്ടെ. ക്രൈസ്തവ വിശ്വാസത്തിന്റെയും, ജീവിതരീതിയുടേയും ബാലപാഠങ്ങൾ പോലും ഈ സഹോദരങ്ങളിൽ പലർക്കും അറിവില്ല. ഇവരെ കൂടെ താമസിപ്പിച്ച് നമസ്കാരങ്ങൾ, കൂദാശകൾ, അനുദിനബലിയർപ്പണം, ക്രൈസ്തവ



മനോജ് മരുതോങ്കര





മൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതരീതി എന്നിവയിൽ 3 മാസം നീണ്ടുനിൽക്കുന്ന പരിശീലനം നൽകി തങ്ങളുടെ നാട്ടിലെ ചെറിയ വിശ്വാസ സമൂഹങ്ങളെ വളർത്താൻ പര്യാപ്തരാക്കുന്നതാണ് ഈ പരിശീലന പദ്ധതിയുടെ തനിമ. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ബാച്ചിന്റെ പരിശീലനം ഡിസംബർ ആദ്യ വാരം പൂർത്തിയാകും







## Fiat Mission - Bengaluru


## PRAYER MEETING

on 8 December 2019, Sunday
from 2.30 pm to 5.30 pm
Santhome Parish Church,
Hulimavu,
Banneraghatta Road, Bengaluru,
Karnataka 560076

Contact no :
+91 96206 62300 (Sijo)
+91 94491 55324 (Binoy)
+919916337737 (Jackson)

Please inform your contacts & join the..

**FIAT WORLD EVANGELISATION MINISTRIES**




ഏപ്രിൽ 24 വെള്ളി,
വൈദിക, സന്യസ്ത സംഗമം

ഏപ്രിൽ 25 ശനി
വൈദികാർത്ഥികളുടേയും
സന്യാസാർത്ഥികളുടേയും സംഗമം



# ക്രിസ്തുവില്ലാതെ ക്രിസ്തുമസ് ആഘോഷമോ?

**ക്രി**സ്തുമസ് എന്നാൽ എന്താണെന്ന് ചോദിച്ചപ്പോൾ ഒരു വിദേശരാജ്യത്തെ ഒരു കുട്ടി പറഞ്ഞത്രെ. 'അത് സാന്താക്ലോസിന്റെ ബർത്ത്ഡേയാണ്.' പലപ്പോഴും നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങളുടെ അവസ്ഥ ഇങ്ങനെയൊക്കെയായിത്തീരുന്നില്ലേ? ക്രിസ്തുമസ് യഥോചിതം ആഘോഷിക്കണം എന്നു പറയുമ്പോൾ എങ്ങനെയാണ് അത് ആഘോഷിക്കേണ്ടത് എന്നതിനെക്കുറിച്ചും നമുക്ക് വ്യക്തമായ ബോധ്യമുണ്ടാകണം.

ക്രിസ്തുമസ് ആദ്യമായി ആഘോഷമാക്കി മാറ്റിയത് മനുഷ്യരല്ല സ്വർഗമാണെന്ന് തിരിച്ചറിയുക. എങ്കിൽ വാനവവൃന്ദങ്ങൾ എപ്രകാരമാണ് അത് ആഘോഷിച്ചതെന്ന് പരിശോധിക്കുകയും അത് അനുകരിക്കുകയും ചെയ്താൽ അതിനേക്കാൾ ഉചിതമായ ഒരു ക്രിസ്തുമസ് ആഘോഷമില്ലെന്ന് ഉറപ്പിക്കാം.

**തിരുപ്പിറവി ആദ്യമായി ആഘോഷമാക്കി മാറ്റിയത് മനുഷ്യരല്ല സ്വർഗമാണെന്ന് തിരിച്ചറിയുക. അതിനേക്കാൾ ഉചിതമായ ഒരു ക്രിസ്തുമസ് ആഘോഷമില്ല.**

"കർത്താവിൻെറ ദൂതൻ അവരുടെ അടുത്തെത്തി. കർത്താവിൻെറ മഹത്വം അവരുടെമേൽ പ്രകാശിച്ചു. അവർ വളരെ ഭയപ്പെട്ടു. ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടേണ്ടാ. ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിൻെറ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം: പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും. പെട്ടെന്ന്, സ്വർഗീയ സൈന്യത്തിൻെറ ഒരു വ്യൂഹം ആ ദൂതനോടുകൂടെ പ്രത്യക്ഷപ്പെട്ട് ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം! (ലൂക്കാ 2:9–18)

ദൈവപുത്രൻ ആരെന്നറിയാമായിരുന്ന ദൂതൻ അടുത്തെത്തിയപ്പോൾ കർത്താവിന്റെ മഹത്വം അവരുടെ മേൽ പ്രകാശിച്ചു. അങ്ങനെയെങ്കിൽ കർത്താവിനെ അറിയുക മാത്രമല്ല കർത്താവ് ഉള്ളിൽ വസിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനി അടുത്തെത്തുമ്പോൾ, നമ്മുടെ സംസാരം കൊണ്ടും പ്രവർത്തി കൊണ്ടും നമ്മുടെ ചുറ്റുമുള്ളവരും പ്രകാശിക്കേണ്ടതല്ലേ? ഇവ



ഷാജി ജോൺ വെള്ളിയാമറ്റം

രോട് ദൂതൻ പറഞ്ഞ പോലെ നാമും സദ്വാർത്ത പങ്കുവയ്ക്കണം. 'സഹോദരങ്ങളെ, നിങ്ങൾക്കു വേണ്ടി ഇതാ ഒരു രക്ഷകൻ പിറന്നിരിക്കുന്നു.' സ്വർഗീയ സൈന്യത്തെ അനുസ്മരിപ്പിക്കുമാറ് വിവിധ രീതികളിലുള്ള ആഘോഷങ്ങളാൽ അത്യുന്നതനായ ദൈവത്തെ സ്തുതിക്കുന്നതും യുക്തം തന്നെ.

എന്നാൽ നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങളിൽ നിന്നെല്ലാം ഏതാണ്ട് പൂർണമായി ത്തന്നെ ക്രിസ്തു പടിയിറക്കപ്പെട്ടുകൊണ്ടിരിക്കുകയല്ലേ? സാന്താക്ലോസും പ്രകൃതിദൃശ്യങ്ങളും എന്തിന് ജനപ്രിയസിനിമാതാരങ്ങൾ വരെ കിസ്തുമസ് ആശംസാകാർഡുകളിൽ സ്ഥാനം പിടിച്ചപ്പോൾ നഷ്ടപ്പെട്ടുപോയത് മനുഷ്യരക്ഷാകരപദ്ധതിയ്ക്കായി ദൈവം ഭൂമിയിൽ വന്നു പിറന്ന ഒരു സുന്ദരമുഹൂർത്തത്തെക്കുറിച്ച് ഓർക്കാനും അതു ലോകത്തെ ഓർമിപ്പിക്കാനുമായി ഉപയോഗിച്ചിരുന്ന ഒരു മാധ്യമമാണ്. വീഡിയോയിലൂടെയും ആനിമേഷനിലൂടെയും കൗതുകമുളവാക്കുന്ന തരത്തിൽ തയ്യാറാക്കുന്ന ആധുനിക ആശംസാ സന്ദേശങ്ങളിലും ക്രിസ്തു ചിത്രീകരണങ്ങൾ അത്യപൂർവ്വമായേ കടന്നുവരാറുള്ളൂ.

പതിനായിരക്കണക്കിന് രൂപ ചെലവഴിച്ച് ദിവസങ്ങളോളം അധ്വാനിച്ച് നിർമ്മിക്കുന്ന പുൽക്കൂടുകൾ നമ്മുടെ നാട്ടിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുന്നു, പ്രത്യേകിച്ച് പള്ളികളിലും സംഘടനാ ആസ്ഥാനങ്ങളിലും. അലങ്കാരദീപപ്രഭയിൽ കുളിച്ച് നിൽക്കുന്ന കൃത്രിമ പുൽമേടുകളും ജലാശയങ്ങളും കൂറ്റൻ സാന്താക്ലോസും കാതടപ്പിക്കുന്ന സംഗീതത്തിന്റെ അകമ്പടിയോടെ പഴയകാല പുൽക്കൂടുകളെ ലജ്ജിപ്പിച്ചുകൊണ്ട് നമ്മെ സ്വാഗതം ചെയ്യുന്നു. പക്ഷേ ഇത്തരം ഹൈടെക് പുൽക്കൂടുകളിലും തിരുപ്പിറവിയുടെ പുനരാവിഷ്കാരത്തിന്റെ പ്രാധാന്യം തുലോം ചെറുതാണ്. ഇത്രയും തുകചെലവിട്ട് നിർമിക്കുന്ന പുൽക്കൂടുകൾ സകലജനത്തിനും വേണ്ടിയുള്ള യേശുവിന്റെ മനുഷ്യാവതാരത്തിന്റെ പ്രസക്തിയെ ആവിഷ്കരിക്കുന്നതിനായി ശ്രമിച്ചിരുന്നെങ്കിൽ! 'നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു.' എന്ന ഒരു വചനമെങ്കിലും പ്രദർശിപ്പിക്കപ്പെട്ടിരുന്നെങ്കിൽ! പുൽക്കൂടുകൾ കണ്ടാസ്വദിക്കാൻ എത്തുന്ന അക്രൈസ്തവ സഹോദരങ്ങൾക്ക്, തങ്ങൾക്കായി കൂടിയാണ് ഈ രക്ഷകൻ പിറന്നതെന്ന് മനസ്സിലാക്കാൻ തക്ക രീതിയിലുള്ള ചിത്രീകരണങ്ങളുള്ള പുൽക്കൂടുകൾ പണിതുയർത്തപ്പെട്ടിരുന്നെങ്കിൽ!

വിലകൂടിയ കേക്കുകളും മറ്റ് അനേകം സമ്മാനങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നത് ഇന്നത്തെ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഒരു ശൈലിയാണ്. നമ്മുടെ ചുറ്റുപാടുമുള്ള അക്രൈസ്തവരായ സഹോദരങ്ങൾക്കും ഇത്തരത്തിൽ നാം സമ്മാനങ്ങൾ നൽകാറുണ്ട്. എങ്കിൽ എന്തുകൊണ്ട് ആ സമ്മാനം ഒരു ബൈബിൾ ആയിക്കൂടാ. ക്രിസ്തുവിനെ പകർന്നു കൊടുക്കാനായി അത് നല്ല ഒരു അവസരമല്ലേ?

ഇന്ന് ക്രിസ്തുമസ് കമ്പോളത്തിൽ നിറഞ്ഞുനിൽക്കുന്ന ഒരു മുഖമാണ് സാന്താക്ലോസിന്റേത്. സാന്താക്ലോസ് സ്റ്റിക്കറുകൾ, മുഖംമൂടികൾ, വസ്ത്രങ്ങൾ, കട്ടൗട്ടുകൾ, നക്ഷത്രങ്ങൾ തുടങ്ങി എല്ലാം സുലഭം. ഇവയ്ക്കിടയിൽ ഉണ്ണീശോയുടെ മുഖമുള്ള ഉത്പന്നങ്ങൾ എത്രമാത്രമുണ്ടെന്ന് ഒന്നു നിരീക്ഷിച്ചുനോക്കൂ.

X'mas എന്ന് ഉപയോഗിക്കാതെ ക്രിസ്തുമസ് എന്ന് വ്യക്തമായി ഉപയോഗിക്കുകയല്ലേ അഭികാമ്യം. കാരണം വചനം പറയുന്നു "ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു. ഇത്, യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും, യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ്." (ഫിലിപ്പി 2: 9-11)

'Merry Christmas' എന്ന് ആശംസിക്കുന്നതിനുപകരം 'Happy Holidays' എന്ന് പറയണമെന്നതാണ് പുതിയ വാദം. "ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല." (അപ്പ.4:12) ക്രിസ്തുവിനേയും അവിടുത്തെ സമുന്നതനാമത്തേയും പുറന്തള്ളാനായി സാധ്യമായ എല്ലാ കുതന്ത്രങ്ങളും പ്രയോഗിക്കുന്ന ശക്തികളെ മനസ്സിലാക്കാൻ ഇനിയെങ്കിലും നമുക്ക് കഴിയേണ്ടതല്ലേ?

# ഇന്നത്തെ കുട്ടികൾ നാളത്തെ സഭ

ഇന്ന് നാം പണിതു കൂട്ടുന്ന അംബര ചുംബികളായ ദൈവാലയങ്ങളിൽ കുട്ടികളെയും യുവജനങ്ങളെയും എത്തിക്കാൻ നമുക്ക് കഴിയാതിരുന്നാൽ നാളെ അവ വെറും കെട്ടിടങ്ങൾ മാത്രമായി വിൽപനയ്ക്ക് വയ്ക്കേണ്ട അവസ്ഥ യൂറോപ്പിലെ പ്പോലെ ഇവിടെയും സംജാതമാകും.



ബൈജു ജോസ്

പ്രശസ്തയായ ഒരു സാമൂഹ്യപ്രവർത്തക പങ്കുവെയ്ക്കുന്ന ഒരു അനുഭവം ഇപ്രകാരമാണ്. ഒരിക്കൽ ഈജിപ്ത് സന്ദർശിക്കുന്നതിനിടെ അവർ പിരമിഡുകൾ കാണാനായി പോയി. പിരമിഡിലുണ്ടായിരുന്ന പഴയകാല എഴുത്തുകളിൽ ചിലത് അവരുടെ ഗൈഡ് അവർക്ക് വായിച്ചു കൊടുത്തു. അതിപ്രകാരമായിരുന്നു. "അടുത്ത തലമുറയിലെ കുട്ടികൾ മഹാ തന്നിഷ്ടക്കാരും അനുസരണമില്ലാത്തവരുമായിരിക്കും."

കുട്ടികളെക്കുറിച്ചുള്ള പരാതികൾ ഉന്നയിക്കുന്ന മുതിർന്നവരുടെ ശീലത്തിന് 2000 വർഷത്തിനു മുകളിൽ പഴക്കമുണ്ടെന്നർത്ഥം. ഈ ശൃംഖലയുടെ ഒരു കണ്ണികളായ നമ്മളും ആവർത്തിക്കുന്നു. "ഇന്നത്തെ കുട്ടികൾ അനുസരണമില്ലാത്തവരും..." ഈ പരാതികളിൽ പലതും വാസ്തവമാണുതാനും. മാത്രവുമല്ല, കഴിഞ്ഞ തലമുറവരെ പാത്തും, പതുങ്ങിയും ചെയ്തിരുന്ന പല മ്ലേഛതകളും യഥേഷ്ടം കാണാനും, ചെയ്യാനും ഇന്നത്തെ കുട്ടികൾക്ക് അവസരവുമുണ്ട്.

എന്നാൽ ഒന്നു ചോദിക്കട്ടെ, തങ്ങളുടെ കുട്ടികൾ പാപത്തിൽ വീഴാൻ വിദൂര സാധ്യത മാത്രമുണ്ടായിരുന്ന കാലഘട്ടത്തിൽ, അതേപ്പറ്റി മുന്നറിയിപ്പുകൾ നൽകി ദൈവകൽപനകളിലും, ദൈവസ്നേഹത്തിലും അടിയുറച്ച് ജീവിക്കാനുള്ള



ചിട്ടയായ പരിശീലനം കഴിഞ്ഞ തലമുറയിലെ മുതിർന്നവർ കുട്ടികൾക്ക് നൽകിയിരുന്നില്ലേ? എന്നാൽ ഇന്നോ? പഴയകാലത്തിൽ നിന്നും സ്ഥിതി നേർവിപരീതമായി. കുട്ടികൾ പാപത്തിൽ വീഴാതിരിക്കുക എന്നത് ഏറെക്കുറെ ക്ലേശകരമായ അവസ്ഥ. സാത്താൻ വീടിനകത്തുപോലും സകല കെണികളുമൊരുക്കി കാത്തിരിക്കുന്നു. പഴയതിന്റെ നൂറിരട്ടി ശക്തിയോടെ കുട്ടികൾക്കായി പ്രാർത്ഥിക്കുകയും അവരെ ക്രിസ്തുവിന്റെ വഴിയേ നടത്തുകയും ചെയ്യേണ്ട ഇക്കാലത്ത് കുട്ടികളെ ദൈവവഴിയേ നടത്താൻ താത്പര്യം കാണിക്കുന്നവർ തുലോം കുറവാണെന്ന വസ്തുത അതീവ ദു:ഖകരമാണ്.

'സ്ക്രീൻ അഡിക്ഷൻ' എന്ന രോഗാവസ്ഥയിലേയ്ക്ക് അവരെ കുരുന്നിലേ തള്ളിവിട്ട് ജഡിക പാപാവസ്ഥയിൽ മനസ്സാ അഭിരമിക്കാൻ അവരെ ശീലിപ്പിക്കുന്ന ഇന്റർനെറ്റുള്ള മൊബൈലുകൾ അവർക്ക് നൽകുന്നത് ആരാണ്? സഭയേയും, സഭാധികാരികളേയും, ദൈവാലയത്തേയും, കൂദാശകളേയും വൈദികരേയും, സന്യസ്തരേയും, അധ്യാപകരേയും വിശ്വാസപരിശീലന ക്ലാസുകളെയും കുറിച്ച് വിലയിടിച്ചു സംസാരിച്ച് ഞായറാഴ്ചകളിൽ പോലും ദൈവികകാര്യങ്ങളിൽ ഇടപെടാൻ കുട്ടികളെ അനുവദിക്കാത്തതാരാണ്? വൈദികരുടെയും സന്യസ്തരുടേയും സഭയുടെയും കുറവുകൾ പറഞ്ഞു രസിക്കുന്ന കുടുംബങ്ങളും പള്ളിയിലെ സൗഹൃദ കൂട്ടായ്മകളും ലോകത്തിനും ശാസ്ത്രത്തിനും അത്ഭുതമായ വിശുദ്ധരുടെ ജീവിതങ്ങളും ദിവ്യകാരുണ്യ അത്ഭുതങ്ങളും ചർച്ച ചെയ്തിരുന്നെങ്കിൽ!

രക്ഷിതാക്കൾക്കു മാത്രമല്ല വിശ്വാസസമൂഹത്തിനും ആത്മീയനേതൃത്വത്തിനുപോലും ഈ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനാകുമോ? ദൈവാലയങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കും തിരുന്നാളാഘോഷങ്ങൾക്കും കൊടുക്കുന്ന പ്രാധാന്യവും അതിനായി നടത്തുന്ന അധ്വാനവും ഇടവകയിലെ കുട്ടികളുടെ ആത്മീയവളർച്ചയുടെ കാര്യത്തിൽ നാം കാണിക്കാറുണ്ടോ? ഇത്തരം കാര്യങ്ങൾക്ക് വാരിക്കോരി ചെലവിടുന്ന ചില ഇടവകകളെങ്കിലും, കുട്ടികൾക്കുള്ള സെമിനാറോ, ധ്യാനമോ സംഘടിപ്പിക്കേണ്ടി വന്നാൽ പല തവണ കൂട്ടിയും കിഴിച്ചും നോക്കി അതത്രകാര്യമുള്ളതല്ലെന്ന് വിലയിരുത്തി സാധ്യമെങ്കിൽ ഒഴിവാക്കുന്നു.

ഇന്ന് നാം പണിതു കൂട്ടുന്ന അംബരചുംബികളായ ദൈവാലയ സൗധങ്ങളിൽ കുട്ടികളെയും യുവജനങ്ങളെയും എത്തിക്കാൻ നമുക്ക് കഴിയാതിരുന്നാൽ നാളെ അവ വെറും കെട്ടിടങ്ങൾ മാത്രമായി വിൽപനയ്ക്ക് വയ്ക്കേണ്ട അവസ്ഥ യൂറോപ്പിലെപ്പോലെ ഇവിടെയും സംജാതമാകും.

കുട്ടികളുടെ ഇടയിലെ ദൈവരാജ്യശുശ്രൂഷ 'ഫിയാത്ത് മിഷന്റെ' പ്രധാന 'കാരിസം' അല്ല . എങ്കിലും മിഷനിലെ കുട്ടികൾക്ക് യേശുവിനെ നൽകാനായി 2009 – മുതൽ 5 വർഷക്കാലത്തോളം ഹിന്ദിഭാഷയിൽ കുട്ടികൾക്കായി 'അമൂല്യ' എന്ന ഒരു മാസിക ഫിയാത്ത് മിഷൻ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ബൈബിൾ നിർമ്മാണ വിതരണവും അതിനോടനുബന്ധപ്പെട്ട് മറ്റു നിരവധി ശുശ്രൂഷകളും ഈശോ ഫിയാത്ത് മിഷനെ ഏൽപ്പിച്ചതോടെ 'അമൂല്യ' പ്രസിദ്ധീകരണത്തിൽ നിന്ന് നാം ശ്രദ്ധ തിരിക്കുകയായിരുന്നു.

ഏതാനും ശുശ്രൂഷാകേന്ദ്രങ്ങൾ സ്തുത്യർഹമായ തരത്തിൽ നാളുകളായി കുട്ടികളുടെ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കത്തോലിക്കാസഭാംഗങ്ങളിൽ പകുതിയോളം വരുന്ന കുട്ടികൾക്കും യുവജനങ്ങൾക്കുമായുള്ള ശുശ്രൂഷകൾ ഇനിയും ശക്തി പ്രാപിക്കേണ്ടതുണ്ട്. അതിനാൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി എന്തെങ്കിലുമൊക്കെ ചെയ്യാൻ ഫിയാത്ത് മിഷൻ നിർബന്ധിതരായിരിക്കുകയാണ്.

ഈ പശ്ചാത്തലത്തിലാണ് 'ഉണ്ണീശോയുടെ സ്വന്ത'മെന്ന പേരിൽ കഴിഞ്ഞവർഷം ക്രിസ്തുമസിനും, 'എനിക്കായ് എന്റെ ഈശോ' എന്ന പേരിൽ ഈസ്റ്ററിനും കുട്ടികൾക്കായുള്ള നോമ്പുകാല പ്രാർത്ഥനാ പുസ്തകങ്ങൾ ഫിയാത്ത് മിഷൻ നിർമ്മിച്ച് സൗജന്യമായി വിതരണം ചെയ്തത്. സുകൃതജപങ്ങൾ ചൊല്ലാനും, പുണ്യപ്രവൃത്തികൾ ചെയ്യാനും അനുദിനം ദിവ്യബലിക്കണയാനും, വചനം പഠിക്കാനും, ഈശോയുമായുള്ള സ്നേഹത്തിൽ വളരാനും പ്രോത്സാഹിപ്പിക്കുന്നതിനായി കഴിഞ്ഞ തലമുറയിലെ സന്യസ്തരും മാതാപിതാക്കളും



# പോസ്റ്റാകാമോ?

ഇലക്ട്രിക് പോസ്റ്റുകളിലെ ലൈൻ കമ്പികൾ വഴിയാണ് വൈദ്യുതി നമ്മുടെ വീടുകളിൽ എത്തുന്നത്. ഇതുപോലെ ദൈവവചനമാകുന്ന – ഈശോയാകുന്ന വൈദ്യുതിയെ പരിശുദ്ധാത്മാവാകുന്ന ലൈൻ കമ്പിയിലൂടെ അന്ധകാരത്തിൽ കഴിയുന്നവരുടെ അടുത്തേയ്ക്ക് എത്തിക്കാൻ ധാരാളം പോസ്റ്റുകൾ ആവശ്യമുണ്ട്.

ഞാൻ മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ആദ്യമായി ഒരു മിഷൻ പ്രദേശം സന്ദർശിക്കുന്നത്. ഏതാണ്ട് നാല്പത് പേരടങ്ങുന്ന ഒരു ടീം ആയിട്ടാണ് ഞങ്ങൾ അന്ന് ഡൽഹിയിൽ പോയത്. ഡൽഹിയുടെ പ്രാന്തപ്രദേശങ്ങളിലും, വഴികളിലും നിന്ന് ഞങ്ങൾ ഈശോയെക്കുറിച്ചും, ദൈവസ്നേഹത്തെക്കുറിച്ചും തദ്ദേശ

ലിറ്റിൽ ഫ്ളവർ

വാസികളോട് പങ്കുവയ്ക്കുമ്പോൾ അവരുടെ മുഖത്തു തെളിയുന്ന സന്തോഷവും, സമാധാനവും കണ്ണു നിറയ്ക്കുന്നതായിരുന്നു. നാം ഈശോ നൽകിയ രക്ഷയുടെ അനുഭവത്തിൽ ജീവിക്കുമ്പോൾ, നമ്മുടെ രാജ്യത്തെ സഹോദരങ്ങൾ ഇന്നും ആ രക്ഷ എന്താണെന്നു പോലും അറിയാതെ കഴിയുന്നു എന്നത് എത്ര വേദനാജനകമാണ്.


ഭൂമിയുടെ ചെറുകോണുകളിൽ നടക്കുന്ന കാര്യങ്ങൾ പോലും നിമിഷങ്ങൾക്കുള്ളിൽ ലോകം അറിയുന്നു! എന്നിട്ടും രണ്ടായിരം വർഷം മുമ്പ് കാൽവരിയിൽ മാനവകുലത്തിന്റെ മുഴുവൻ രക്ഷയ്ക്കായി കുരിശിൽ മരിച്ച ഈശോയെ അറിയാതെ ഇപ്പോഴും അനേകർ അന്ധകാരത്തിൽ കഴിയുന്നു. ഇതിനുകാരണം നമ്മൾ തന്നെയാണ്. നമുക്ക് ലഭിച്ച രക്ഷയുടെ അനുഭവം മറ്റുള്ളവരുമായി പങ്കുവെയ്ക്കാത്തതുകൊണ്ടാണ് ഇതു സംഭവിക്കുന്നത്. അതുകൊണ്ടാണ് പോസ്റ്റുകളെ ആവശ്യമുണ്ടെന്ന് പറഞ്ഞത്. “വിളവോ അധികം വേലക്കാരോ ചുരുക്കം അതിനാൽ, തന്റെ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുക.” (മത്തായി 9:37-38)

സ്വന്തം ആഗ്രഹങ്ങൾക്കും ഇഷ്ടങ്ങൾക്കും അനുസരിച്ച് ചലിക്കാൻ പറ്റാത്ത അവസ്ഥയെ നമ്മൾ ‘പോസ്റ്റ്’ എന്ന് വിളിക്കാറുണ്ട്. സ്വന്തം ഇഷ്ടങ്ങളും ആഗ്രഹങ്ങളും ബലികഴിച്ച് ജീവിതകാലം മുഴുവൻ ഈശോയ്ക്ക് വേണ്ടി ദൈവരാജ്യം വളരുന്നതിന് വേണ്ടി ഈശോയുടെ പോസ്റ്റുകളായി നിന്നു കൊടുത്തവരാണ് നമ്മുടെ സഭയിലെ വിശുദ്ധരും മിഷനറിമാരും. അവരെപ്പോലെ നമുക്കും ഈശോയുടെ പോസ്റ്റുകളാകാം. അങ്ങനെ നമ്മിലൂടെ സഭ പ്രകാശിക്കട്ടെ, ഇന്ത്യ പ്രകാശിക്കട്ടെ, ലോകം പ്രകാശിക്കട്ടെ.

വാമൊഴിയായി കുട്ടികളെ പഠിപ്പിച്ചിരുന്ന കാര്യങ്ങൾ തന്നെയാണ് കുട്ടികൾക്ക് കൗതുകകരമായ രീതിയിൽ ഇതിൽ അവതരിപ്പിച്ചിരിക്കുന്നത്.

മാതാപിതാക്കളുടെയും, ഇടവകയുടെയും ശ്രദ്ധയോടെയുള്ള പ്രോത്സാഹനമില്ലെങ്കിൽ ഇവയൊന്നും ഫലം ചൂടില്ല. മറിച്ചാണെങ്കിലോ ഇത് ഏറെ പ്രയോജനപ്രദമാണുതാനും. ഈ പുസ്തകത്തിന്റെ കാര്യക്ഷമമായ ഉപയോഗം കൊണ്ടു മാത്രം നോമ്പുകാലത്ത് 300-ഓളം കുട്ടികൾ മുടങ്ങാതെ ദിവ്യബലിക്കണഞ്ഞതായി ഒരു ഇടവക ഫിയാത്ത് മിഷനെ അറിയിച്ചു. ഇപ്രകാരം അനേകം അനുഭവങ്ങൾ ലഭിച്ചതിന്റെ ഫലമായി ഈ വർഷം ആവശ്യപ്പെട്ടവർക്കെല്ലാം ഈ പുസ്തകം വിതരണം ചെയ്യുകയുണ്ടായി. കൂടാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് കേരളത്തിനു പുറത്തും വിദേശത്തും ഇത് വിതരണം ചെയ്യാനായി.

5 രൂപ നിർമാണചെലവ് വരുന്ന ഈ പുസ്തകം തീർത്തും സൗജന്യമായാണ് വിതരണം ചെയ്തത്. പരിശുദ്ധാത്മപ്രേരണ ലഭിക്കുന്നവർക്ക് ഫിയാത്ത്മിഷന്റെ ശുശ്രൂഷകളെ സഹായിക്കാവുന്നതാണ്. നിങ്ങളുടെ പ്രാർത്ഥനകളിൽ ഫിയാത്ത്മിഷന്റെ കുട്ടികൾക്കായുള്ള ശുശ്രൂഷകളെ പ്രത്യേകം ഓർക്കണേ. അതുപോലെ വൈവിധ്യം നിറഞ്ഞ അനേകം ശുശ്രൂഷകൾ കുഞ്ഞുമക്കൾക്കായി ഇനിയും ഉയരേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. നമുക്ക് ശക്തമായി പ്രാർത്ഥിക്കാം.



ആദിമ സഭാപിതാവായിരുന്ന
ഹിപ്പോലൈറ്റസ്, എഡി 204-ൽ
എഴുതിയ ‘ദാനിയേൽ പ്രവാചകന്റെ
കമന്ററി’യിൽ ഡിസംബർ-25
നാണ് ക്രിസ്തുവിന്റെ ജനനമെന്ന്
വ്യക്തമായി എഴുതിയിട്ടുണ്ട്.



# ഇരുൾ അകറ്റാൻ!



പോളി തോമസ്

"**ആ**ദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു." (യോഹന്നാൻ 1:1)

ദിവ്യകാരുണ്യവും, തിരുവചനഗ്രന്ഥവും മുന്നിലെത്തിയാൽ ഏതിനാണ് കൂടുതൽ വണക്കം നൽകേണ്ടത്? രണ്ടിനും ഒരേ പ്രാധാന്യം നൽകണമെന്നതാണ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നൽകുന്ന ഉത്തരം.

ബൈബിൾ ഒരു ഭവനത്തിൽ, ഒരു നാട്ടിൽ എത്തിയാൽ അതിന്റെ ഗുണഫലം നമ്മുടെ ചിന്തകൾക്കും കണക്കുകൂട്ടലുകൾക്കും ഒക്കെ ഉപരിയാണ്. സ്ഥലത്തിനോ സമയത്തിനോ ഒതുക്കിനിർത്താവുന്നതല്ല തിരുവചനഗ്രന്ഥത്തിന്റെ പ്രവർത്തനം.

ഡോ. റോൺ ആർച്ചർ എന്ന വ്യക്തി അദ്ദേഹത്തിന്റെ ജനനവും ജീവിതവും വിവരിക്കുന്നത് ആരേയും ചിന്തിപ്പിക്കും. വ്യഭിചാരിണിയായ അമ്മയ്ക്ക് പറ്റിയ ഒരു അബദ്ധത്തിലാണ് അദ്ദേഹത്തിന്റെ ജനനം. ആ കുഞ്ഞിനെ നശിപ്പിക്കാൻ സാധ്യമായ തരത്തിലെല്ലാം ശ്രമിച്ചിട്ടും അതെല്ലാം പരാജയപ്പെട്ടു. ഇതിനാൽ ആന്തരികാവയവങ്ങൾ പലതും തകർന്ന അവസ്ഥയിലാണ് അദ്ദേഹം പിറന്ന് വീണത്. ആർക്കും വേണ്ടാത്തവനായി ശരീരത്തിലും മനസ്സിലുമുള്ള എണ്ണമറ്റ മുറിവുകളുമായാണ് റോൺ ജീവിച്ചത്. സ്കൂൾ ജീവിതകാലത്ത് അവന്റെ അടുത്തേയ്ക്ക് കൈയിൽ ഒരു ബൈബിളുമായി ഒരു ടീച്ചർ എത്തി. ആ ടീച്ചർ അവന് സുവിശേഷത്തിലെ കഥകൾ പറഞ്ഞുകൊടുത്തു വചനം പഠിപ്പിച്ചു. ആ ബൈബിൾ അവന്റെയും കുടുംബത്തിന്റെയും ജീവിതത്തെ കീഴ്മേൽ മറിച്ചു. ഡോ.

റോൺ ആർച്ചർ എന്ന സുവിശേഷകൻ ആയിരക്കണക്കിനാളുകളെ ക്രിസ്തുവിലേയ്ക്ക് അടുപ്പിക്കുന്ന ലോകപ്രശസ്ത സുവിശേഷകനാണിന്ന്.

തന്റെ പിതാവിന്റെ ആത്മഹത്യ, പിന്നീട് പലപ്പോഴായി കുടുംബാംഗങ്ങളിൽ പലരുടേയും ആത്മഹത്യകൾ, അസുഖം മൂലമുള്ള മരണങ്ങൾ ഇവ മൂലം തകർന്നു പോയ ബാല്യമായിരുന്നു ആനന്ദ് എന്ന വിദ്യാർത്ഥിയുടേത്. തുടർച്ചയായുള്ള പ്രശ്നങ്ങളിൽ മനം മടുത്ത് പിതാവിനെപ്പോലെ ആത്മഹത്യ ചെയ്യാനുറച്ച് പിതാവ് തൂങ്ങിമരിച്ച അതേ കൊളുത്തിൽ കയർ കെട്ടിക്കൊണ്ടിരിക്കുമ്പോൾ ആനന്ദ് കണ്ടു! തനിക്കെതിരെയുള്ള അലമാര അൽപം തുറുന്നിരിക്കുന്നു. അതിനുള്ളിലെ ഒരു പുസ്തകം അൽപം പുറത്തുകാണാനാകുണ്ട്. അത് വിശുദ്ധ ബൈബിളായിരുന്നു. സ്കൂളിൽ ഏതോ സുവിശേഷകർ വന്ന് വിതരണം ചെയ്തുപോയ ആ ബൈബിൾ ഒരു കൗതുകത്തിനായി മാത്രം സൂക്ഷിച്ചതായിരുന്നു. ആനന്ദ് അതെടുത്തു വായിച്ചു. സൗജന്യമായി സമാധാനവും രക്ഷയും പാപമോചനവും തരുന്ന ഒരു ദൈവത്തെ അവൻ അവിടെ കണ്ടെത്തി. ഇന്ന് ആനന്ദ് പിള്ളയെന്ന വ്യക്തി ലോകപ്രശസ്തനായ നേതൃത്വ പരിശീലകനും, മാനുഷിക വിഭവ ശേഷി രംഗത്ത് മികവ് തെളിയിച്ചവനും, മികച്ച ഒരു വചനപ്രഘോഷകനുമാണ്.

നമ്മുടെ നാട്ടിലെ തോമസ് എന്ന നളന്റെ ജീവിതകഥയും ഇപ്രകാരം ഒരു ബൈബിളിനാൽ സ്വാധീനിക്കപ്പെട്ട വ്യക്തിത്വത്തിന്റെ നിദർശനമാണ്. അക്രൈസ്തവരായിരുന്ന നളന്റെ കുടുംബത്തിൽ ബൈബിൾ എത്തുന്നത് വർഷങ്ങൾക്കു മുമ്പാണ് നളന്റെ അനിയൻ തീരെ കുഞ്ഞായിരിക്കുമ്പോൾ അസുഖബാധിതനാവുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തു. കുഞ്ഞിന്റെ നില മോശമായിത്തന്നെ തുടർന്നു. ഒരു നിർണായക നിമിഷത്തിൽ ആശുപത്രിയിലെ ഒരു സിസ്റ്ററിന്റെ സമർപ്പണത്തോടെയുള്ള ശുശ്രൂഷകൊണ്ട് മാത്രം ആ കുഞ്ഞ് സുഖപ്പെട്ടു. ആശുപത്രി വിട്ടു പോരുമ്പോൾ ആ സിസ്റ്റർ സമ്മാനമായി നൽകിയ ബൈബിൾ, തുറന്നുപോലും നോക്കാതെ ആ സിസ്റ്ററിനോടുള്ള നന്ദി കൊണ്ടു മാത്രം ഒരു പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചിരുന്നു. വർഷങ്ങൾക്കുശേഷം ജീവിതത്തിലെ ഒരു പ്രത്യേക പ്രതിസന്ധിഘട്ടത്തിൽ നളൻ ആ വിശുദ്ധ ഗ്രന്ഥം തുറന്നു നോക്കാനിടയാവുകയും ഇന്നും ജീവിക്കുന്ന യേശു തന്നോട് വ്യക്തമായി സംസാരിക്കുന്നതായി മനസ്സിലാക്കുകയും ചെയ്തു. അനേകർക്ക് വചനം പങ്കു വെച്ച് നൽകുന്ന പ്രേഷിതനാണ് ഇന്ന് തോമസ്.

ഫിയാത്ത് മിഷൻ വിതരണം ചെയ്ത ഹിന്ദി ബൈബിൾ ലഭിച്ച നിരക്ഷരയായ സിസിലിയ കുജൂർ എന്ന വീട്ടമ്മയുടെ അനുഭവം ഏറെ ചിന്തിപ്പിക്കുന്നതാണ്. കൊയ്ത്തു കഴിഞ്ഞ് കിട്ടുന്ന നെല്ല് ചാക്കിലാക്കി ഇവർ വീട്ടിൽ വയ്ക്കാറുണ്ട്. നെല്ലിന്റെ മണം പിടിച്ച് വരുന്ന ആന പനമ്പ് ഭിത്തി പൊളിച്ച് നെല്ല് ചാക്ക് കൊണ്ട് പോകുക പതിവാണ്. ബൈബിൾ ലഭിച്ച വർഷം ഇവർ ചാക്കിനു മുകളിൽ ബൈബിൾ വച്ച് കിടന്നുറങ്ങാൻ തുടങ്ങി. പിന്നീട് ആന വന്നില്ലെന്ന് ഇവർ സാക്ഷ്യപ്പെടുത്തുന്നു. നോക്കൂ ബൈബിളിന്റെ സാന്നിധ്യം വന്യമൃഗങ്ങളിൽ നിന്നു പോലും സംരക്ഷണം നൽകുന്നു!

ബൈബിൾ ഒരു വ്യക്തിയുടെ പക്കൽ എത്തിയാൽ, ഒരു കുടുംബത്തിൽ സ്ഥാനം പിടിച്ചാൽ ജീവിതങ്ങളെ മാറ്റിമറിക്കുക തന്നെ ചെയ്യും എന്നതിന് ഇങ്ങനെ ജീവിക്കുന്ന തെളിവുകൾ എത്രയോ ഉണ്ട്. ഓരോ ഭവനത്തിലും ബൈബിൾ എത്തണമെന്ന് നാം ആഗ്രഹിക്കുന്നതിന്റെ, ശഠിക്കുന്നതിന്റെ ഗൗരവം കൂടുതൽ വ്യക്തമാക്കുന്നതാണല്ലോ ഈ അനുഭവങ്ങൾ.

ഫിയാത്ത് മിഷൻ ബൈബിൾ വിതരണത്തിന് 3 H എന്ന രീതി അനുവർത്തിക്കാറുണ്ട്. Hotel, Hostel, Hospital എന്നിവിടങ്ങളിൽ ആർക്കും എടുക്കാവുന്ന തരത്തിൽ ബൈബിളുകൾ വയ്ക്കുകയും അത് കഴിയുന്ന മുറയ്ക്ക്

വീണ്ടും വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന രീതിയാണിത്. ആശുപത്രിയിലെത്തുന്ന രോഗികൾ, ഹോട്ടലിൽ പല ഉദ്ദേശത്തോടെയെത്തുന്നവർ, ഹോസ്റ്റലിൽ താമസിക്കുന്നവർ ഇവരെയൊക്കെ സ്പർശിക്കാൻ വചനമായ ഈശോയ്ക്ക് നൊടിയിട മതിയല്ലോ.

എനിക്കറിയാവുന്ന ഒരു പ്രേഷിതൻ എപ്പോഴും പോക്കറ്റിൽ ഒരു ബൈബിൾ കൊണ്ടുനടക്കും. യാത്രയിൽ പരിചയപ്പെടുന്നവർക്ക് ബൈബിൾ സമ്മാനിക്കും. ഉടനെ അടുത്ത ബൈബിൾ പോക്കറ്റിൽ സ്ഥാനം പിടിക്കും.

മൊബൈൽ, പെൻഡ്രൈവ് തുടങ്ങിയവയിൽ ഡിജിറ്റൽ രീതിയിൽ സൂക്ഷിക്കുന്ന ബൈബിളുകൾ നമുക്ക് വായിക്കാനായി ഉപയോഗിക്കാറുണ്ട്. എന്നാൽ പുസ്തകരൂപത്തിലുള്ള ബൈബിൾ പ്രതിഷ്ഠിക്കപ്പെടുന്ന ഇടങ്ങളിലുള്ള അഭിഷേകം ഇത്തരം ബൈബിളുകൾ സൂക്ഷിക്കുന്ന ഇടങ്ങളിലുണ്ടാകുമോ? ലോകത്തിന്റേതായ എല്ലാ ചപ്പുചവറുകളും ഉൾക്കൊള്ളുന്ന മൊബൈലുകളിൽ വിശുദ്ധ ബൈബിൾ കൊണ്ടു നടക്കരുതേ എന്ന് ചില ധ്യാനഗുരുക്കന്മാർ ഓർമിപ്പിക്കാറുണ്ട്.

എന്തു തന്നെയായാലും ഈ ലോകത്തിൽ ജീവിക്കുന്ന ഏതൊരാൾക്കും വിശുദ്ധ ബൈബിൾ സ്വന്തമായി സ്വതന്ത്രമായി ലഭ്യമാക്കും എന്ന പ്രതിജ്ഞയോടെ നാം മുന്നേറണം. വചനമായ ക്രിസ്തു എത്തുന്നിടത്തെല്ലാം ഇന്നല്ലെങ്കിൽ നാളെ ഇരുളകലുക തന്നെ ചെയ്യും.


Papyrus
USED PAPER TO BIBLE PAPER

## പാപ്പിറസ് ബൈബിൾ പ്രിന്റിങ് പേപ്പർ സമാഹരണ പദ്ധതി ആറാം വർഷത്തിലേയ്ക്ക്...

**ഉപയോഗശൂന്യമായ പേപ്പറുകൾ സമാഹരിച്ച് പേപ്പർ കമ്പനികൾക്കു നൽകി പകരം ലഭിക്കുന്ന പേപ്പറിൽ ബൈബിൾ പ്രിന്റ് ചെയ്ത്, ബൈബിളില്ലാത്തവർക്കു നൽകുന്ന പദ്ധതി.**

**ഇതിനോടകം ഈ പദ്ധതിയിലൂടെ ലക്ഷക്കണക്കിന് ബൈബിളുകൾ വിതരണം ചെയ്യപ്പെട്ടു. ആദ്യമായി സ്വന്ത ഭാഷയിൽ തിരുവചനം വായിച്ച ദൈവമക്കളുടെ നാമത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി. കഴിഞ്ഞ വർഷങ്ങളിലേതുപോലെ, 2020- ൽ കൂടുതൽ തീക്ഷ്ണതയോടെ ഈ ശുശ്രൂഷയുമായി സഹകരിക്കാൻ ജീവിതത്തിന്റെ നാനാതുറയിലുമുള്ളവർക്ക് - വൈദികർ, സിസ്റ്റേഴ്സ്, അധ്യാപകർ, നഴ്സുമാർ, ഇടവകയിലെ സംഘടനാ ഭാരവാഹികൾ, കുട്ടികൾ, മറ്റു പണിയിലേർപ്പെട്ടിരിക്കുന്നവർ തുടങ്ങി ഏവർക്കും സാധിക്കട്ടെ.**






**ഉപയോഗശൂന്യമായ നോട്ട് ബുക്കുകൾ, ടെക്സ്റ്റ് ബുക്കുകൾ, ന്യൂസ് പേപ്പറുകൾ, ഉത്തരക്കടലാസുകൾ, കാർഡ് ബോർഡ് പെട്ടികൾ തുടങ്ങി എല്ലാവിധത്തിലുമുള്ള പേപ്പറുകളും സമാഹരിക്കുന്നു. 9020353035**

# ഫിയാത്ത് മിഷണറീസ് ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ – FMV

**ഫി**യാത്ത് മിഷണറീസ് ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ (എഫ്.എം.വി.) കുടുംബാംഗങ്ങൾ തങ്ങളുടെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുന്നാളിന് ഒത്തുചേർന്നു.

സെപ്റ്റംബർ 21-ന് അങ്കമാലി സെന്റ് ഹോർമിസ് പള്ളിയിൽ നടന്ന കൃതജ്ഞതാബലിയോടെയായിരുന്നു കൂട്ടായ്മ ആരംഭിച്ചത്.

ഫിയാത്ത് മിഷന്റെ കേരളത്തിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ളവർക്കു മാത്രമായി സംഘടിപ്പിക്കപ്പെട്ട പ്രസ്തുത സംഗമത്തിൽ തൊടുപുഴ, ചങ്ങനാശ്ശേരി, തൃശൂർ, അങ്കമാലി, തുടങ്ങിയ ജില്ലകളിൽ നിന്നുമുള്ള മുന്നൂറോളം പേർ പങ്കെടുത്തു.

ദിവ്യബലിക്കുശേഷം അങ്കമാലി യൂണിറ്റിൽ സംഗമവും സ്നേഹവിരുന്നും നടത്തി. ഒറീസയിലെ കട്ടക് എഫ്.എം.വി.യൂണിറ്റിലെ വൈദികൻ റവ.ഫാ.സമീർ മുഖ്യാതിഥിയായിരുന്നു. എഫ്.എം.വി. സ്ഥാപക ചെയർമാൻ സീറ്റ്ലി ജോർജ് സംഗമത്തിൽ സംസാരിച്ചു. ഡയറക്ടർ പോളിതോമസ്, തങ്കമ്മദീദി, ജോസ് ഓലിക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

വിവിധ എഫ്.എം.വി. യൂണിറ്റുകളിലെ ദൈവരാജ്യശുശ്രൂഷകളെ പരിചയപ്പെടാനും പരസ്പരം സ്നേഹസംഭാഷണം നടത്താനും ഇത്തരം കൂട്ടായ്മകൾ ഏറെ ഉപകരിക്കുന്നുവെന്ന് എഫ്.എം.വി. കുടുംബാംഗങ്ങൾ അഭിപ്രായപ്പെട്ടു.







# ആഫ്രിക്കൻ വൻകരയിലെ ഫിയാത്ത് മിഷൻ ശുശ്രൂഷ

**ഫി**യാത്ത് മിഷന്റെ ആഫ്രിക്കൻ വൻകരയിലെ ദൈവ രാജ്യശുശ്രൂഷകൾ ആരംഭിച്ചത് കെനിയയിലാണ്. തുടർന്ന് മഡഗാസ്കർ, ഉഗാണ്ട, മൊസാംബിക്, എത്യോപ്യ എന്നീ രാജ്യങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കാൻ കർത്താവ് വഴിയൊരുക്കി.

ഇപ്പോഴിതാ ഏറെ നാളത്തെ പ്രാർത്ഥനകൾക്ക് ശേഷം ആഫ്രിക്കയിലെ മറ്റൊരു രാജ്യമായ കാമറൂണിലേയ്ക്ക് ഫിയാത്ത് മിഷൻ കടന്നു ചെന്നിരിക്കുന്നു. ബ്ര. സീറ്റ്ലി, റവ. ഫാ.ജോസഫ് അന്തിക്കാട്ട്, ടോണി ലൂയിസ് എന്നിവരായിരുന്നു കാമറൂൺ സന്ദർശകർ. ആഫ്രിക്കൻ മിഷനു വേണ്ടി പ്രാർത്ഥിക്കുകയും ഇനി എന്തൊക്കെ ചെയ്യാനാകുമെന്ന് അറിയുകയുമായിരുന്നു ഈ യാത്രയുടെ ഉദ്ദേശം. ആഫ്രിക്കൻ വൻകരയിൽ കൂടുതൽ ശുശ്രൂഷകൾ ഈശോ ഫിയാത്ത് മിഷനെ ഏൽപിക്കുന്നു എന്ന് ഈ യാത്രയിൽ വ്യക്തമായി.

ആഫ്രിക്കൻ വൻകരയിലെ രാഷ്ട്രങ്ങളിൽ ബ്രിട്ടീഷ് കോളനിവാഴ്ച ഉണ്ടായിരുന്ന രാജ്യങ്ങളിൽ ഇംഗ്ലീഷും, ഫ്രാൻസ് കോളനിവാഴ്ച നടത്തിയിരുന്ന രാജ്യങ്ങളിൽ ഫ്രഞ്ചും ഉപ

## കെനിയയിലെ ഫിയാത്ത് മിഷണറി ഇനി കർത്താവിന്റെ മണവാട്ടി



**ക**ർത്താവിനു മഹത്വം. ഞാൻ, 'ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്ന ഈശോയുടെ ദാസി'കളുടെ കോൺഗ്രിഗേഷനിൽപ്പെട്ട സിസ്റ്റർ തബീത്ത.

സന്യാസിനിയാവുന്നതിനു മുമ്പ് ഞാൻ ഫിയാത്ത് മിഷന്റെ മുഴുവൻ സമയ മിഷനറിയായിരുന്നു. അവിടെ വച്ച് ഞാൻ ഈശോയെ പലപ്പോഴും അനുഭവിച്ചിട്ടുണ്ട്. കെനിയയിൽ വച്ച് നടന്ന ഒന്നാമത്തെ ഫിയാത്ത് ട്രെയിനിങ്ങിൽ ഞങ്ങൾ 15 പേർ പങ്കെടുത്തിരുന്നു. അവിടെ വച്ചാണ് കർത്താവ് തന്റെ വാതിൽ എനിക്കായി തുറന്നതും ഞാൻ അവിടുത്തെ മുന്തിരിത്തോപ്പിൽ വേലചെയ്യണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നതെന്ന് ഞാൻ തിരിച്ചറിഞ്ഞതും. സെന്റ് മൈക്കിൾ റിട്രീറ്റ് സെന്ററിൽ വച്ച് നടന്ന ആരാധനയിൽ വച്ചായിരുന്നു അത്. ഒരു ടെലിവിഷൻ സ്ക്രീനിൽ എന്ന പോലെ ഈശോ രണ്ടു കോൺഗ്രിഗേഷനുകളുടെ പേർ എനിക്കു വെളിപ്പെടുത്തിത്തന്നു. അതിൽ നിന്ന് ഞാൻ ഇപ്പോൾ ആയിരിക്കുന്ന കോൺഗ്രിഗേഷനിലേക്കെന്നെ നയിച്ചു. ദിവ്യകാരുണ്യത്തിൽ സന്നിഹിതനായ ക്രിസ്തുവിന്റെ നാമം വാഴ്ത്തപ്പെടട്ടെ, ആരാധിക്കപ്പെടട്ടെ, ലോകം മുഴുവൻ അറിയപ്പെടട്ടെ. ഇപ്പോഴും എന്നേക്കും -ആമ്മേൻ.



യോഗിക്കുന്നുണ്ട്. ഈ രണ്ട് ഭാഷാ ബൈബിളും പ്രിന്റ് ചെയ്യാനുള്ള 'കോപ്പിറൈറ്റ്' ഫിയാത്ത് മിഷന് ലഭ്യമാക്കാൻ പിതാവ് തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. അതു നമുക്ക് ലഭിച്ചാൽ ആഫ്രിക്കൻ വൻകരയിലാകെ സുവിശേഷവളർച്ച ത്വരിതപ്പെടുത്താനുള്ള അവസരം തുറന്നു കിട്ടും. ഇംഗ്ലീഷ്, ഫ്രഞ്ച് ഭാഷകൾ ഉപയോഗിക്കുന്ന 48 ആഫ്രിക്കൻ രാജ്യങ്ങലെ, ബൈബിളിന്റെ ലഭ്യതക്കുറവും വിലക്കൂടുതലും മൂലം ഇതുവരെ ബൈബിൾ ലഭിക്കാത്തവർക്ക് സുവിശേഷമെത്തിക്കാൻ നമുക്കാവും. അതു കൂടാതെ കാമറൂണിലെ പ്രാദേശിക ഭാഷയിലുള്ള ബൈബിൾ നിർമ്മിച്ചു നൽകാൻ കാമറൂണിലെ പിതാവ് നമ്മോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നുവരെ പ്രസ്തുത ഭാഷയിൽ ബൈബിൾ ഇറങ്ങിയിട്ടില്ലെന്നോർക്കണം. കാമറൂണിൽ ഒരു പ്രാർത്ഥനാകേന്ദ്രവും പിതാവ് നമുക്കനുവദിച്ചു തന്നിരിക്കുന്നു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ 56 മധ്യസ്ഥപ്രാർത്ഥനാ കേന്ദ്രങ്ങളും മറ്റു ശുശ്രൂഷകളും കേരളത്തിൽ നിന്ന് നിയന്ത്രിക്കുന്നതുപോലെ ആഫ്രിക്കൻ രാജ്യങ്ങളിലെ എല്ലാ ശുശ്രൂഷകളും കാമറൂണിൽ ഇരുന്ന് നിയന്ത്രിക്കാനാണുദ്ദേശിക്കുന്നത്. കേരളത്തിലെന്നതുപോലെ സ്വതന്ത്രമായി ശുശ്രൂഷകൾ ചെയ്യാവുന്ന ഒരു സാഹചര്യമാണ് കാമറൂണിലും കാണാനായത്. വിസ ലഭിക്കുന്നതിനുള്ള സൗകര്യം, പേപ്പർ ഇറക്കുമതി ചെയ്യാനുള്ള എളുപ്പം, ഏതാണ്ട് ആഫ്രിക്കയുടെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്നതും തുറമുഖമുള്ളതുമായ രാജ്യം തുടങ്ങി ഒട്ടേറെ ഗുണങ്ങൾ കാമറൂണിനുണ്ട്. ബൈബിൾ നിർമാണ വിതരണത്തിന് പ്രസ്സ് ആരംഭിക്കുക, ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തുക തുടങ്ങി ഫിയാത്ത് മിഷന്റെ ഇന്ത്യയിലെ എല്ലാ ശുശ്രൂഷകളും ആഫ്രിക്കയിലും ആരംഭിക്കുന്നതിന് ഈശോ അവസരമൊരുക്കിയിരിക്കുന്നു.

പ്രിയമുള്ളവരേ, നിലവിലുള്ള ശുശ്രൂഷകൾ പോലും എപ്രകാരം മുന്നോട്ട് പോകുമെന്ന് ചില വേളകളിലെങ്കിലും മനുഷ്യബുദ്ധ്യാ സംശയിക്കുന്നു എന്നത് യാഥാർത്ഥ്യം. ശുശ്രൂഷകൾക്കായി രാവും പകലും കണ്ണീരോടും ഉപവാസത്തോടും കൂടി പ്രാർത്ഥിക്കുകയും അവിശ്രമം പരിശ്രമിക്കുകയും ചെയ്യുന്ന അവസരത്തിൽ പുതിയൊരു 'ഭാരം' എങ്ങനെ ഏറ്റെടുക്കുമെന്ന ചിന്ത നമ്മെ അലട്ടുന്നുണ്ട്.

എന്നാൽ കർത്താവ് നൽകുന്ന ഉത്തരമിതാണ്. ഇത് ഏതാനും പേർക്കു മാത്രമായി എൽപിക്കപ്പെടുന്ന ശുശ്രൂഷയല്ല. കർത്താവ് തന്റെ ശുശ്രൂഷയ്ക്കായി ഒരു മിനിസ്ട്രിയെ ചുമതലപ്പെടുത്തുമ്പോൾ അതിനെ മുന്നോട്ട് കൊണ്ടു പോകുവാനായി ചില വ്യക്തികൾക്ക് ഉൾപ്രേരണ നൽകും. സഹോദരങ്ങളേ.. നാം ആവർത്തിച്ചു പറയാറുള്ളതു പോലെ ഒരു ചിന്തയും പ്രേരണയും നിസ്സാരമാക്കരുതേ. നിങ്ങളിലൂടെ ഈ ശുശ്രൂഷകൾക്കായി എത്തിക്കാനായി കർത്താവ് ആഗ്രഹിച്ച സാമ്പത്തികസഹായം മറ്റെവിടെ നിന്നും ലഭിക്കാൻ പോകുന്നില്ല. അതിനാൽ ദൈവ സ്വരത്തിനു കാതോർക്കുക ഉടൻ പ്രവർത്തിക്കുക.

"കർത്താവു മോശവഴി ആജ്ഞാപിച്ച ജോലികളുടെ നിർവഹണത്തിന് ഇസ്രായേലിലെ സ്ത്രീപുരുഷൻമാരോരുത്തരും തങ്ങളുടെ ഉൾപ്രേരണയനുസരിച്ച് ഓരോ സാധനം കൊണ്ടുവന്ന് സ്വമേധയാ കർത്താവിനു കാഴ്ചവച്ചു." (പുറപ്പാട് 35:29)

## My pledge for financial support to Fiat Mission

(ഫിയാത്ത് മിഷന്റെ ദൈവരാജ്യശുശ്രൂഷകൾക്ക് സഹായം നൽകാമെന്നുള്ള എന്റെ വാഗ്ദാനം)

(ഈ പേജ് പൂരിപ്പിച്ച് ഫിയാത്ത് മിഷനിലേയ്ക്ക് അയച്ചുതരുകയോ Ave Maria tower, New Church Road, Thrissur-01, അല്ലെങ്കിൽ പൂരിപ്പിച്ച പേജിന്റെ ഫോട്ടോയെടുത്ത് 9961550000 എന്ന നമ്പറിൽ വാട്സാപ്പ് ചെയ്യുകയോ, fiatxtn@gmail.com ലേയ്ക്ക് മെയിൽ ചെയ്യുകയോ ചെയ്യുക.)

As an act of gratitude and worship, I pledge to give from my personal sources and raised from other sources for mission activities.

മിഷൻ പ്രവർത്തനങ്ങൾ എന്റെയും ഉത്തരവാദിത്വമാണെന്ന ബോധ്യത്തോടെ സാധിക്കുന്ന രീതിയിൽ ഫിയാത്ത് മിഷന് സാമ്പത്തികസഹായം നൽകാനും, ഈ ശുശ്രൂഷയെ സഹായിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാനും ഞാൻ തീരുമാനിക്കുന്നു.

a sum of Rs. ..........................................................................................................

(in words ..................................................................................) towards Fiat Mission.

The above sum will be sent to Fiat Mission - മേൽ പറഞ്ഞ തുക ഫിയാത്ത് മിഷനിലേയ്ക്ക് താഴെ പറഞ്ഞ രീതിയിൽ ഞാൻ അയച്ചുകൊള്ളാം.

| | | |
|---|---|---|
| monthly<br>എല്ലാ മാസവും ☐ | quarterly<br>മൂന്നു മാസത്തിലൊരിക്കൽ ☐ | once only, in the month of<br>..........................................<br>ഒരു തവണ മാത്രം ☐ |

mark your option ☑ നിങ്ങളുടെ തീരുമാനം അടയാളപ്പെടുത്തുക

Name ..........................................................................................................

Address ..........................................................................................................

..........................................................................................................

Mobile ........................................................ e-mail ..........................................................

Signature ........................................................................ Date........................................

Birthday:............................................... Wedding Anniversary................................................

| | | |
|---|---|---|
| Do you wish to receive a reminder?<br>ഇക്കാര്യം ഓർമ്മപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നോ? | Yes ☐ | No ☐ |
| Would you like to receive Fiat Magazine to this address?<br>ഈ വിലാസത്തിൽ ഫിയാത്ത് മാസിക അയയ്ക്കണോ? | Yes ☐ | No ☐ |
| Would you like to receive SMS updates?<br>താങ്കളുടെ ഫോണിൽ എസ്.എം.എസ്. സന്ദേശങ്ങൾ അയയ്ക്കണോ? | Yes ☐ | No ☐ |
| Would you like to be added to Fiatmission's whatsapp group?<br>താങ്കളെ ഫിയാത്ത് മിഷന്റെ വാട്സാപ്പ് ഗ്രൂപ്പിൽ ചേർക്കണോ? | Yes ☐ | No ☐ |

### എങ്ങനെ പണമയയ്ക്കാം?

ഫിയാത്ത് മിഷന്റെ ദൈവരാജ്യശുശ്രൂഷയ്ക്കുള്ള ധനസഹായം താഴെപ്പറയുന്ന രീതികളിൽ അയയ്ക്കാവുന്നതാണ്.

**1. ചെക്ക്/ഡ്രാഫ്റ്റ്**

ചെക്കും ഡ്രാഫ്റ്റും FIATMISSION -ന്റെ പേരിലാണ് എടുക്കേണ്ടത്.

**2. DIRECT BANK TRANSFER / NEFT/RTGS / ONLINE BANKING**

ഇപ്രകാരം പണം അയയ്ക്കുന്നവർക്ക് താഴെപ്പറയുന്ന എതെങ്കിലും ഒരു അക്കൗണ്ടിൽ പണം അടയ്ക്കാവുന്നതാണ്.

**3. മണിഓർഡർ**

മണിഓർഡർ മുഖേനയും നിങ്ങൾക്കു പണം അയയ്ക്കാവുന്നതാണ്.

### പണം അയച്ചതിനു ശേഷം എന്തുചെയ്യണം?

മുകളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒരു രീതിയിൽ പണമടച്ചതിനുശേഷം താഴെപ്പറയുന്ന വിവരങ്ങൾ ഫോണിലൂടെയോ ഇ-മെയിലിലൂടെയോ കത്തിലൂടെയോ ഞങ്ങളെ അന്ന് തന്നെ അറിയിക്കേണ്ടതാണ്.

✔ പണം അയച്ച ആളിന്റെ പേര്. അഡ്രസ്സ്, TRANSACTION/REFERENCE ID. ✔ TRANSACTION DATE. ✔ പണം അയച്ചത് ഫിയാത്ത്മിഷന്റെ ഏത് A/C യിലേക്ക് ✔ ഫിയാത്തിന്റെ എന്ത് ആവശ്യത്തിനാണ് പണം അയച്ചത് (PURPOSE). എഴുത്തിനോടൊപ്പം DEPOSIT SLIP -ന്റെ കോപ്പികൂടി അയച്ചുതരിക.

### STANDING INSTRUCTION

എല്ലാ മാസവും പതിവായി ഫിയാത്ത്മിഷനിലേയ്ക്ക് സാമ്പത്തികസഹായം ബാങ്ക് വഴി അയയ്ക്കാനായി ബാങ്കിൽ STANDING INSTRUCTION നൽകാവുന്നതാണ്. ഇതുവഴി നിങ്ങളുടെ വിലപ്പെട്ടസമയം ചെലവഴിക്കാതെ തന്നെ എല്ലാമാസവും കൃത്യമായി നിർദ്ദേശിക്കപ്പെട്ട തുക ഫിയാത്ത് മിഷനിലേയ്ക്ക് മാറ്റപ്പെടുന്നതാണ്.

FIATMISSION Ave Maria tower,
New Church Road, Thrissur-01, Ph: +91 9961550000,
fiatmission.org   email: fiatxtn@gmail.com

| A/C NAME | BANK NAME | ACCOUNT NO: | SWIFT CODE IFSC CODE |
|---|---|---|---|
| FIATMISSION | SOUTH INDIAN BANK EAST FORT, THRISSUR 680 005 | **0368 0730 0000 0759** CURRENT A/C | SWIFT: SOININ 55, IFSC: SIBL 0000368 |
| FIATMISSION | STATE BANK OF INDIA EAST FORT, THRISSUR 680 005 | **3462 4149 962** CURRENT A/C | IFSC: SBIN0009121 |
| FIATMISSION | FEDERAL BANK EAST FORT, THRISSUR 680 005 | **1272 02 0000 5600** CURRENT A/C | SWIFT: FDRLINBBIBD IFSC: FDRL0001272 |
| FIATMISSION | CATHOLIC SYRIAN BANK EAST FORT, THRISSUR 680 005 | **0299 0350 0862 195001** CURRENT A/C | IFSC: CSBK0000299 |
| FIATMISSION | KOTAK MAHINDRA BANK M.G. ROAD, WEST FORT, THRISSUR- 680 004 | **1712 486441** SB A/C | IFSC: KKBK0000596 |

മിഷനെ അറിയാൻ
മിഷനെ സ്നേഹിക്കാൻ
മിഷനെ വളർത്താൻ

4th

# ജിജിഎം (ഗ്രേറ്റ് ഗാതറിംഗ് ഓഫ് മിഷൻ)
# മിഷൻ കോൺഗ്രസ്

## 2020 ഏപ്രിൽ 24–26

- മിഷൻ എക്സിബിഷൻ
- മിഷൻ ധ്യാനം
- മിഷൻ ഗാതറിംഗ്സ്

Printed and Published by Ceetly George, FIATMISSION, C-24/B, 2nd Floor, Pancheelvihar, New Delhi - 17
Printed at FIAT Bible Printers, Angamali